# MY LORD, MY GOD

## Bulletin Irinjalakuda Diocese

*P.B. No. 59, Irinjalakuda-680121*

Phone : 2826830, 2826820

Website : www.irinjalakudadiocese.com

Book : 33 Volume : 2

***February 2012***


## ഉള്ളടക്കം


1. ഇടയശബ്ദം ........ 02
2. കച്ചേരിക്കാര്യങ്ങൾ ........ 04
3 ഇടയലേഖനം ........ 08
4 സർക്കുലർ ........ 12
5 തിരുബാലസഖ്യദിനം-സർക്കുലർ ........ 13
6 ലോകരോഗീദിനസന്ദേശം ........ 16
7 മതബോധനം ........ 24
8 ബ്ലസ് എ ഹോം ........ 26
9 സഭാവാർത്തകൾ ........ 28
10 പാക്സ് ........ 29
11 സംഘടനാവാർത്തകൾ
- സോഷ്യൽ ആക്ഷൻ ........ 30
- ചെന്നൈ മിഷൻ ........ 31
- ബി.എൽ.എം. ........ 32
- സെന്റ് പോൾസ് മൈനർ സെമിനാരി ........ 33
- കരിസ്മാറ്റിക് മൂവ്മെന്റ് ........ 33
- സ്പിരിച്ചാലിറ്റി സെന്റർ ........ 35
- നവചൈതന്യ ........ 35
- സി.എൽ.സി. ........ 36
- കെ.സി.എസ്.എൽ. ........ 37
- സാൻജോസദൻ ........ 39

12 ഇടയന്റെ നാളെകൾ ........ 40
13 ഇടയന്റെ ഇന്നലെകൾ ........ 41

# CSbi_vZw



പ്രിയ സഹോദരവൈദികരെ, സ്നേഹസമർപ്പിതരെ, വാത്സല്യമുള്ള സഹോദരീസഹോദരൻമാരെ,

യുവജനവർഷമായി 2012 നമ്മുടെ രൂപത ആചരിക്കുവാൻ ഒരുങ്ങുകയാണ്. രൂപതയ്ക്ക് പുതിയ പ്രത്യാശ നൽകുവാൻ ആദർശവും ആത്മീയതയും ആവേശമുള്ള യുവജനത്തിന് സാധിക്കുമെന്നുള്ള അവബോധമാണ് ഈ യുവജനവർഷം പ്രഖ്യാപിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. നാം യുവജനങ്ങളെ പ്രത്യാശയോടും ആത്മവിശ്വാസത്തോടുംകൂടിയാണ് കാണുന്നത്. അവർ നമ്മുടെ രൂപതയുടെ അമൂല്യദാനങ്ങളാണ്. ഇന്നത്തെ തലമുറയ്ക്ക് ദിശാബോധം നൽകുവൻ അവരുടെ വിലയിരുത്തലുകൾ സഹായകരമാവും. അതുപോലെ ഭാവിയുടെ വാഗ്ദാനങ്ങളുമാണവർ.

യുവജനങ്ങളെയും അവരുടെ താല്പര്യങ്ങളെയും ശ്രദ്ധിക്കുകയും അവരെ കേൾക്കുകയും ചെയ്യുവാൻ കഴിയുക എന്നത് നമ്മുടെ കടമയാണ്. അറിവില്ലായ്മയോ പരിശീലീനക്കുറവോ അല്ല, മറിച്ച് ഹൃദയങ്ങളെ സ്പർശിക്കുവാൻ സാധിക്കാത്തതാണ് യുവജനപ്രേഷിതദൗത്യത്തിൽ നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. യുവജനങ്ങളെ ശാക്തീകരിക്കുവാനും നീതിയിലും സമാധാനത്തിലും അവരെ രൂപീകരിക്കുവാനും ധാർമ്മികശക്തിയിലും ആത്മീയതയിലും അവരെ കൈപിടിച്ചുയർത്തുവാനും ഈ യുവജനവർഷം സഹായകരമാകണം. ഇന്ന് യുവജനങ്ങൾ പല കാര്യങ്ങളെക്കുറിച്ചും ഉൽക്കണ്ഠാകുലരാണ്. ശരിയായ പ്രൊഫഷൻ കണ്ടുപിടിക്കുവാനും പ്രസ്തുത പ്രൊഫഷണലിൽ നിലനിൽക്കുവാനും ഒരു കുടുംബം രൂപപ്പെടുത്തുവാനും പരിഗണനയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാനും രാഷ്ട്രീയവും സാമ്പത്തികവുമായ ഒരു സന്തുലിതാവസ്ഥ കെട്ടിപ്പടുക്കുവാനും കഴിയുമോ എന്നതാണ് അവരെ അലട്ടുന്ന ഏറ്റവും വലിയ ഉൽക്കണ്ഠ. ഇത്തരം പ്രശ്നങ്ങളെ അഭിമു

ഖീകരിക്കുവാൻ തങ്ങളെ സജ്ജരാക്കുവാനുതകുന്ന ക്രിസ്തീയ പരിശീലനം നൽകുവാൻ യുവജനവർഷത്തിൽ നമുക്ക് കഴിയണം.

ഉറപ്പുള്ള പ്രത്യാശയോടെ ഭാവിയിലേയ്ക്കു നോക്കുവാൻ യുവജനങ്ങൾ ആഗ്രഹിക്കുന്നു. നീതിയും സമാധാനവും സ്വാതന്ത്ര്യവുമുള്ള ഒരു ഭാവി സമൂഹം കെട്ടിപ്പടുത്താലെ ഇത് സംജാതമാവുകയുള്ളൂ. സത്യം അന്വേഷിക്കുവാനും പൊതുനന്മ സംരക്ഷിക്കുവാനും ചുറ്റുമുള്ള സമൂഹത്തോട് തുറവിയുള്ളവരായിരിക്കാനും പുതിയ മേഖലകൾ തുറക്കുവാനും ഈ യുവജനവർഷം പ്രോത്സാഹിപ്പിക്കട്ടെ എന്ന് ആശംസിക്കുന്നു.

ആഗതമാകുന്ന വലിയ നോമ്പുകാലം ആത്മാർത്ഥമായ പ്രാർത്ഥനയിലൂടെയും ആന്തരികചൈതന്യം നിലനിൽക്കുന്ന ഉപവാസപരിത്യാഗ പ്രവർത്തനങ്ങളിലൂടെയും തീക്ഷ്ണതയേറിയ ഉപവിപ്രവർത്തനങ്ങളിലൂടെയും ഫലദായകമാക്കുവാൻ ഏവർക്കും സാധിക്കട്ടെ.



ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**
26. 1. 2011 ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

## പ്രത്യേക ശ്രദ്ധയ്ക്ക്

കത്തോലിക്കാവിരുദ്ധ പ്രാർത്ഥനാ ധ്യാനഗ്രൂപ്പുകൾ നമ്മുടെ ഇടവകകളിൽനിന്നും വിശ്വാസികളായ ഭക്തജനങ്ങളെ തങ്ങളുടെ ഏജന്റുമാർവഴി വളരെ നല്ല വചനപ്രഘോഷണമാണ്, ആത്മീയാനുഭവമാണ് എന്ന് ധരിപ്പിച്ച് പ്രസ്തുത ഗ്രൂപ്പുകളുടെ ശുശ്രൂഷകളിലേയ്ക്ക് കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സ്ഥലങ്ങൾപോലും തെറ്റിദ്ധരിപ്പിച്ച് ഇവരുടെ കേന്ദ്രങ്ങളിലേയ്ക്ക് നയിക്കുന്നു (മുരിങ്ങൂർ എന്ന് പറഞ്ഞ് മുരിയാട്). അതുകൊണ്ട് ഇടവകയ്ക്ക് പുറത്ത് ആത്മീയ ശുശ്രൂഷകൾക്ക് പോകുന്നവരെ പ്രത്യേകം ശ്രദ്ധിക്കണം.

ബിഷപ്സ് ഹൗസ് **മാർ പോളി കണ്ണൂക്കാടൻ**
24. 1. 2012 ഇരിങ്ങാലക്കുട രൂപതാ മെത്രാൻ

# കച്ചേരിക്കാര്യങ്ങൾ

## Orders of Appointments and Transfers of the Priests of the Eparchy of Irinjalakuda published on 05.01.2012 and will take effect from 25.01.2012

| | |
|---|---|
| Fr. Sebastian Valiyaveettil | Chaplain, St. John the Baptist FCC Convent, Kottat. |
| Fr. Paul Kalluveettil CMI | Chaplain, Carmel CMC Convent, Mala. |
| Fr. Antony Thekkineth | Chaplain, FCC Convents, Karanchira. |
| Fr. Joy Kallingal | Director of Regency Brothers of the Eparchy also. |
| Fr. Anto Parassery | Vicar and Chaplain, Xaviyur. |
| Fr. Liju Paul Parambath | Vicar, Murkanad, Director, Justice Forum, and *Prathyasa*, Asst. Director, Catechism and Vidyajyothi (Catechetical Centre) |
| Fr. Joshy Paliekara | Finance Officer, St. James Hospital Chalakudy & Chaplain, S. H. Convent, Chalakudy: Residence at, St. James' Hospital. |
| Fr. Titus Kattuparambil | Associate Executive Director, Sahrdaya College of Advanced Studies, Kodakara and Chaplain, St. Mary's FSMA Convent, Pulipparakunnu. Residence SCET, Kodakara. |
| Fr. Bency Cheenan | Vicar and Chaplain, Chemmanda also, |
| Fr. Jose Ambookan | Executive Director, AVARD and Chaplain, Anugrahasadan, CKDY |
| Fr. Lijo Kongoth | Vicar and Chaplain, Thachudaparambu, and Pastoral Director, Residence Thachudaparambu, St James' Hospital Chalakudy |
| Fr. Manoj Karippai | Vicar, Koodapuzha and Programme Director, AVARD, Chalakudy |

| | |
|---|---|
| Fr. Jijo Thundathil | Vicar and Chaplain, Poyya |
| Fr. Seemon Kanjithara | Vicar and Chaplain,Vellani; Assistant Director, Justice Forum and *Prathyasa* |
| Fr. Sinto Alappatt | Priest in Charge at Keelkattlai Parish, Chingleput, Chennai Syro-Malabar Mission. |
| Fr. Shabu Puthur | Acting Vicar, Aroormuzhy & Pillappara, Chaplain of CMC and FCC Convents, Aroormuzhy & Pillappara, Manager, Aroormuzhy Estate and Priest in Charge of Malakkappara Marymatha Mission Station |
| Fr. Joseph Sunny Mandakath | Asst. Director, CYM also |
| Fr. Vineesh Vattoly | Acting Vicar and Chaplain, Anathadam; Asst. Director, CLC |
| Fr. Jaims Pallipatt | Acting Vicar and Chaplain, Kaipamangalam and Kadapuram |

**Assistant Vicars**

| | |
|---|---|
| Fr. Wilson Pereppadan | Asst. Edathiruthy Forane |
| Fr. Aneesh Pellissery | Asst. W. Chalakudy |
| Fr. Arun Thekkineth | Asst. Aloor |
| Fr. Johny Kunnathuparambil | Asst. Kallettumkara |
| Fr. Nijo Pallai | Asst. Munnumury |
| Fr. Sojo Kannampuzha | Asst. Kodakara Forane |
| Fr. Aji Chungath | Asst. South Thanissery |
| Fr Sherans Elamthuruthy | Asst. Puthenchira Forane |
| Fr. Saneesh Thekkethala | Asst. Pariyaram |
| Fr. Daison Kavalakkatt | Asst. Irinjalakuda Cathedral Forane |
| Fr. Jinto Verampilae | Asst. Vicar Perambra |
| Fr. Sibu Kallaparambil | Asst. Kuttikad Forane |
| Fr. Joby Menoth | Asst. Chalakudy Forane |
| Fr. Linto Thaliyanayath | Asst. Parappukara Forane |
| Fr. Dinto Plackal | Asst. Mala Forane |

**Relieving Orders of the Priests of the Eparchy of Irinjalakuda published on 05.01.2012 and will take effect from 25.01.2012**

| | |
|---|---|
| Fr. Cyriac Ambookan | Relieved Chaplain, FCC Convent, Kottat Residence at Vianney Home, Ashtamichira |
| Fr. Sebastian Valiyaveettil | Relieved FCC Convents, Karanchira |
| Msgr. Sebastian Maliekal | Relieved, Director of Regency Brothers of the Eparchy of Irinjalakuda |
| Very Rev. Fr. Jose Maliekal | Relieved, Chaplain, S. H. Convent, Chalakudy |
| Fr. Jose Kuzhinjalil MS | Relieved Vicar and Chaplain, Poyya |
| Fr. Antony Kuttikkatt CMI | Relieved Vicar and Chaplain, Thachudaparambu |
| Fr. Anto Parassery | Relieved Vicar, Murkanad |
| Fr. Liju Paul Parambath | Relieved Executive Director AVARD and Chaplain, Anugrahasadan |
| Fr. Joshy Paliekara | Relieved Vicar and Chaplain, Chemmanda, Director, Justice Forum and Prathyasa, Asst. Director, Catechism and Vidyajyothi (Catechetical Centre). |
| Fr. Titus Kattuparambil | Relieved Vicar and Chaplain, Xaviyur. |
| Fr. Bency Cheenan | Relieved Vicar and Chaplain, Kaipamangalam and Kadapuram |
| Fr. Jose Ambookan | Relieved, Vicar, Koodapuzha |
| Fr. Saji Valiyaveettil | Granted Leave: Residence at Vianney Home, Ashtamichira; Relieved Vicar and Chaplain, Anathadam |
| Fr. Jijo Thundathil | Relieved Vicar and Chaplain,Vellani: Assistant Director, Justice Forum and *Prathyasa* |
| Fr. Seemon Kanjithara | Relieved Vicar and Chaplain, Aroormuzhy & Pillappara, Aroormuzhy estate, Malakkappara Marymatha Mission Station |
| Fr. Jiji Kunnel | Relieved Chaplain, FSMA Convent, Pulipparakunnu. |
| Fr. Jijo Chakkiath | Relieved Assistant Director, CLC. |

| | |
|---|---|
| Fr. Sinto Alappatt | Relieved Asst. Vicar, Mala Forane |
| Fr. Shabu Puthur | Relieved Assistant Vicar, Kodakara Forane |
| Fr. Vineesh Vattoly | Relieved Assistant Vicar, Edathiruthy Forane |
| Fr. Jaims Pallipatt | Relieved Assistant Vicar, Moonumury |
| Fr. Thejus Peedikathundiyil ISch | Relieved Assistant Vicar, W. Chalakudy |

2. **വലിയ നോമ്പ്:** ഫെബ്രുവരി 19–ാം തിയ്യതി ഞായറാഴ്ച പാതിരാ മുതൽ നോമ്പ് ആരംഭിക്കുന്നു. ഫെബ്രുവരി 20–ാം തിയ്യതി മുതൽ ഉയിർപ്പു ഞായർ വരെ വിവാഹം മുടക്ക്. വിദേശത്ത് ജോലി ചെയ്യുന്നവർ നോമ്പുകാലത്ത് വിവാഹം നടത്താം എന്ന ഉദ്ദേശ്യത്തോടെ നാട്ടിലേക്ക് അവധിക്കായി വരരുതെന്ന് ഓർമ്മിപ്പിക്കുന്നു.

3. **വൈദികക്ഷേമനിധി:** പള്ളികളിലും ഇതരസ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്ന വൈദികരുടെ ഒരു മാസത്തെ അലവൻസിന് തുല്യമായ സംഖ്യ കൊടുക്കാത്തവർ എത്രയും വേഗം നല്കേണ്ടതാണ്.

4. **മാസധ്യാനം:** ഫെബ്രുവരിയിൽ അതാത് ഫൊറോനകളിൽ വച്ചായിരിക്കും.

5 **Junior Priests Gathering :** നമ്മുടെ രൂപതയിലെ Junior Priests Gathering 2012 ഫെബ്രുവരി 15 ബുധനാഴ്ച 6 p.m. മുതൽ 16 വ്യാഴാഴ്ച 1 p.m. വരെ കല്ലേറ്റുംകര പാക്സിൽവച്ച് ഉണ്ടായിരിക്കും. 2005 ഡിസംബർ മുതൽ 2012 ജനുവരി വരെയുള്ള കാലയളവിൽ വൈദികപട്ടം സ്വീകരിച്ച എല്ലാ രൂപത വൈദികരും ഇതിൽ പങ്കുകൊള്ളണം.

6 **ഏകോപന സമിതി :** ഭക്തസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഏകോപന സമിതി മീറ്റിങ്ങ് 2012 ഫെബ്രുവരി 25 ശനിയാഴ്ച 2.30p.m. മുതൽ 4.30 p.m വരെ രൂപതാ ഭവനത്തിൽവച്ച് ഉണ്ടായിരിക്കുന്നതാണ്.

7 **പ്രസ്ബിറ്ററൽ കൗൺസിൽ :** ഫെബ്രുവരി 23–ാം തിയ്യതി വ്യാഴാഴ്ച കാലത്ത് 10 മണി മുതൽ 4 മണി വരെയാണ് മീറ്റിങ്ങ്. ഭക്തസംഘടനകളുടെയും, പ്രസ്ഥാനങ്ങളുടെയും, സ്ഥാപനങ്ങളുടെയും 2010–11 വർഷത്തെ ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് പ്രസ്തുത മീറ്റിങ്ങിൽ അവതരിപ്പിക്കുന്നതും ചർച്ച ചെയ്യുന്നതുമായിരിക്കും. ഭക്തസംഘടനകളുടെയും, പ്രസ്ഥാനങ്ങളുടെയും ഡയറക്ടർമാരും ഇന്റേണൽ ഓഡിറ്റ് നടത്തിയവരും മീറ്റിങ്ങിൽ പങ്കെടുക്കേണ്ടതാണ്

ഇരിങ്ങാലക്കുട **മോൺ. ജോസ് ഇരിമ്പൻ**
23. 01. 2012 വികാരി ജനറാൾ

133/12
27. 1. 12

# CS-b-teJ\w

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ*
*അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ.*
*രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും*
*സന്യാസിനീസന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

ഈശോയിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യാസിനി സന്യാസികളെ, പ്രിയ മക്കളേ,

ഇതാ ഒരു വലിയ നോമ്പുകാലഘട്ടത്തിലേക്ക് കൂടി നാം അണയുന്നു. ക്രൈസ്തവർക്ക് ഇനി വിശുദ്ധ തപസിന്റെ തീക്ഷ്ണതയുള്ള അമ്പത് ദിനങ്ങൾ. നോമ്പുകാലം ദൈവത്തിന്റെ പക്കലേയ്ക്കുള്ള ആത്മീയ തീർത്ഥാടനത്തിന്റെ സമയമാണ്. ഈ പുണ്യയാത്രയിൽ സഹയാത്രികനായി ക്രിസ്തുവും നമ്മോടൊപ്പമുണ്ട്. ദൈവത്തോടൊപ്പം ചരിക്കാൻ, ദൈവിക ചിന്തയിൽ വ്യാപരിക്കാൻ, ദൈവം നിർദ്ദേശിക്കുന്നവ പ്രാവർത്തികമാക്കാൻ ഈ വലിയ നോമ്പ് നമുക്ക് പ്രയോജനപ്പെടുത്താം. യേശുക്രിസ്തുവിന്റെ പീഡാസഹന മരണഉത്ഥാന അനുസ്മരണത്തിന്റെ ഭാഗമായി ഏഴ് ആഴ്ചകൾ സജീവമായ പ്രാർത്ഥനയുടെ യും ആത്മാർത്ഥമായ പരിത്യാഗത്തിന്റെയും അർത്ഥമുള്ള ദാനധർമ്മങ്ങ ളുടെയും വഴിയിലൂടെ നാം സഞ്ചരിക്കുന്നു. സുവിശേഷപഠനങ്ങളുടെ യും ക്രൈസ്തവ പാരമ്പര്യങ്ങളുടെയും പൂർവ്വികരുടെ ജീവിതശൈലി യുടെയും വെളിച്ചത്തിൽ നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കാൻ ആത്മാർത്ഥമായി അനുതപിക്കാൻ അനുരഞ്ജനത്തിന്റെ വിശുദ്ധവഴികളിലൂടെ സ്നേഹത്തിന്റെ പ്രമാണം ജീവിതക്രമമാക്കാൻ തീവ്രമായി പരിശ്രമിക്കേണ്ട കഠിനദിവസങ്ങളാണിവ. ക്രൈസ്തവ ജീവിതത്തിൽ കൂടുതൽ തീക്ഷ്ണതയുള്ളവരാകാൻ അപരനിലേക്ക് മിഴി തുറന്ന് അവരുടെ നൊമ്പരങ്ങളെ സ്വന്തമാക്കാൻ തിരുസഭ ഈ നോമ്പ് ഉത്സവത്തിലേയ്ക്ക് നിങ്ങളെ ക്ഷണിക്കുന്നു.

പ്രാർത്ഥനയുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങി ദൈവവുമായി ദൃഢമായ ബന്ധം സ്ഥാപിക്കാൻ പ്രത്യേകമായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന സമയം കൂടിയാണ് നോമ്പുകാലം. പഴയനിയമ പുതിയനിയമ താളുകലിലൂടെ കടന്നുപോകുമ്പോൾ ദൈവത്തോടൊപ്പം ഗാഢമായ ബന്ധം സ്ഥാപിക്കാൻ, ജീവിതവ്യാപാരങ്ങളിൽനിന്ന് അല്പം മാറി, തിരക്കുകൾ മാറ്റിവച്ച് നിശബ്ദതയിലും ശാന്തതയിലും ഏകാന്തതയിലും കഴിച്ച് കൂട്ടുന്ന ദൈവീകമനുഷ്യരെ നാം കണ്ടുമുട്ടുന്നുണ്ട്. മലമുകളിലും മരുഭൂമിയിലും തടാകതീരങ്ങളിലും താഴ്വരയിലും ദൈവത്തെ പൂർവ്വപിതാക്കന്മാരും പ്രവാചകരും ക്രിസ്തുവും ശ്ലീഹന്മാരും കണ്ടെത്തിയ ഇക്കാലഘട്ടത്തിൽ നമുക്ക് മാതൃകയാകണം. “ശാന്തമാകുക, ഞാൻ

ദൈവമാണെന്നറിയുക" (സങ്കീ. 46,10) എന്ന് തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. ജീവിതത്തിൽ കഴിഞ്ഞുപോയ ദിവസങ്ങളിലേക്ക് പിൻതിരിഞ്ഞുനോക്കി മുന്നോട്ടുള്ള തുടർയാത്രകളെ ക്രമീകരിക്കാൻ ഇത്തരം പ്രാർത്ഥനാവിചാരങ്ങൾ ഉപകരിക്കുമെന്നുള്ളത് തീർച്ചയാണ്. ആഴ്ചയിൽ ഒരു ദിവസമെങ്കിലും കൂടുതൽ തീക്ഷ്ണമായ പ്രാർത്ഥനയ്ക്കു വേണ്ടി നാം മാറ്റിവയ്ക്കണം. ആഴ്ചയിൽ ഒരു ദിവസം ഉപവാസ പ്രാർത്ഥനാദിനമായി ഇടവകകളും സ്ഥാപനങ്ങളും ആചരിക്കേണ്ടതാണ്. കുടുംബപ്രാർത്ഥനയിൽ സജീവമായി പങ്കെടുക്കുന്നതോടൊപ്പംതന്നെ ഇടവകകളിലും സ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്ന ഈ ഏകദിന പ്രാർത്ഥനകളിലും താല്പര്യത്തോടെ സഹകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.ഒറ്റയ്ക്ക് പ്രാർത്ഥിക്കുന്നതുപോലെതന്നെ പ്രധാനപ്പെട്ടതാണ് സമൂഹപ്രാർത്ഥനയും. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ച് കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും. (മത്താ. 18:20) എന്ന വചനം ഒന്നിച്ചുള്ള പ്രാർത്ഥനയുടെ ആവശ്യകത നമുക്ക് വിശദമാക്കി തരുന്നു. രൂപതയുടെയും ഇടവകയുടെയും കുടുംബങ്ങളുടെയും രാജ്യത്തിന്റെയും സമൂഹത്തിന്റെയും പൊതുവായ നിയോഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഇത്തരം പ്രാർത്ഥനായോഗങ്ങൾ വഴിയായി സാധിക്കും.

പാപത്തെയും പാപസാഹചര്യങ്ങളെയും ഒഴിവാക്കി നല്ല ജീവിതം ക്രമപ്പെടുത്തുന്നതിന് ഏറ്റവും സുഗമമായ വഴിയാണ് ഉപവാസമെന്ന് തിരുവചനവും സഭയുടെ വിശുദ്ധമായ ചരിത്രവും പാരമ്പര്യങ്ങളും നമ്മെ ഓർമ്മപ്പെടത്തുന്നു. ശരീരത്തിന്റെ സ്വാഭാവികമായ ആഗ്രഹങ്ങളെയും പ്രവണതകളെയും അതിജീവിക്കാൻ ഉപവാസം സഹായിക്കുമെന്ന് പിതാക്കന്മാർ ജീവിതത്തിലൂടെ കാണിച്ചുതന്നിട്ടുമുണ്ട്. വി. ബേസിലിന്റെ അഭിപ്രായത്തിൽ ഉപവാസം ഏദൻ തോട്ടത്തിൽ ആരംഭിച്ചതാണെന്നാണ്. "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്" (ഉല്പ. 2,17) എന്ന വചനത്തിന്റെ വ്യാഖ്യാനത്തിലാണ് വി. ബേസിൽ ഇങ്ങനെ അഭിപ്രായപ്പെടുന്നത്. പാപംവഴി നാം ദൈവത്തിൽനിന്ന് അകന്നെങ്കിൽ ഉപവാസം വഴിയായി ദൈവത്തോട് കൂടുതൽ അടുക്കുമെന്നും പറുദീസയിൽ നഷ്ടപ്പെട്ട സൗഹൃദം വീണ്ടെടുക്കാനാവുമെന്നും പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നുണ്ട്. ഉപവസിക്കുന്നത് ദൈവഹിതം വെളിപ്പെട്ടു കിട്ടുന്നതിനുവേണ്ടിയാണെന്ന് തിരുവചനം സാക്ഷിക്കുന്നു (പുറ. 34,28). ജീവൻ നിലനിർത്തുന്ന ഭക്ഷണം ഉപേക്ഷിക്കുന്നതുവഴി നിത്യജീവന്റെ ആഹാരമായ യേശുക്രിസ്തുവിനെ നാം

കൂടുതൽ തേടുകയും ക്രിസ്തുവിനുവേണ്ടി വിശപ്പും ദാഹവും അനുഭവിക്കുകയും ചെയ്യുകയാണ്. ഇഷ്ടങ്ങളെ ത്യജിച്ച് കർത്താവിന്റെ സന്നിധിയിൽ ആയിരിക്കുമ്പോൾ കൂടുതൽ ദൈവാനുഭവത്തിലേക്ക് പ്രവേശിക്കുവാൻ കഴിയും എന്നുള്ളതുകൊണ്ട് ആഴ്ചയിൽ ഒരു നേരമെങ്കിലും ഭക്ഷണം ഉപേക്ഷിക്കാനും നോമ്പുകാലഘട്ടങ്ങളിൽ മത്സ്യ
– മാംസ വർജ്ജനം നടത്താനും സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

യഥാർത്ഥമായ പ്രാർത്ഥനയും തീവ്രമായ ഉപവാസവും നമ്മെ ദാനധർമ്മങ്ങളിലേക്കും നന്മ പ്രവൃത്തികളിലേയ്ക്കും നയിക്കണം. കാരണം "ക്രിസ്തുവിൽനിന്ന് ഈ കൽപന നമുക്കു ലഭിച്ചിരിക്കുന്നു: ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം" (1 യോഹ. 4,21). എല്ലാ മതവിശ്വാസങ്ങളിലും ധർമ്മദാനം പുണ്യങ്ങൾ സമ്പാദിക്കുന്നതിനുള്ള എളുപ്പവഴികളിൽ ഒന്നാണ്. പഴയനിയമത്തിൽ മോശ നൽകുന്ന കല്പനകളിൽ ഒന്നാണ് ദശാംശം നൽകൽ (സംഖ്യ 18, 21–24; നിയ. 14,22–27; 26,12). ആദിമക്രൈസ്തവ സമൂഹത്തിന്റെ ഹൃദയ വിചാരങ്ങളിലേയ്ക്ക് വളരാൻ ഈ നോമ്പുകാലത്ത് നമുക്ക് ശ്രമിക്കാം (അപ്പ. 2,44–45). "നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം ബലികൾ ദൈവത്തിന് പ്രീതികരമാണ്" (ഹെബ്രാ. 13,17) എന്ന വചനം എപ്പോഴും നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടായിരിക്കട്ടെ. "സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം എന്നു പറഞ്ഞ കർത്താവായ യേശുവിന്റെ വാക്കുകൾ നിങ്ങളെ ഞാൻ അനുസ്മരിപ്പിക്കുന്നു" (അപ്പ. 20,35). ലോകം മുഴുവൻ നേടിയിട്ടും ആത്മാവ് നഷ്ടമാകുന്ന കാഴ്ചകൾ നമുക്കു ചുറ്റും പെരുകിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് സഹോദരങ്ങളുടെ കണ്ണുകൾ നിറയുന്നതും ഉദരങ്ങൾ വിശപ്പുകൊണ്ട് പൊരിയുന്നതും നമുക്കു തിരിച്ചറിയാം. ലഭിക്കുന്ന വരുമാനത്തിന്റെ നിശ്ചിതഭാഗം അർഹിക്കുന്ന മനുഷ്യർക്കുവേണ്ടി പങ്കുവയ്ക്കാൻ ഈ നോമ്പുകാലത്ത് നമുക്ക് കൂടുതൽ പരിശ്രമിക്കാം. ഇഷ്ടഭക്ഷണപദാർത്ഥങ്ങളും മത്സ്യമാംസാദികളും ത്യജിക്കുന്നതിലൂടെ കണ്ടെത്തുന്ന പണം ശേഖരിച്ച് അമ്പതു ശതമാനം ഇടവകയിലെ സാമൂഹികപ്രവർത്തനങ്ങൾക്കും ബാക്കിയുള്ളവ രൂപതയിലെ ബ്ലസ് എ ഹോം പദ്ധതിയിലേക്കും ഔദാര്യപൂർവ്വം നൽകാൻ ഹൃദയപൂർവ്വം ഓർമ്മപ്പെടുത്തട്ടെ.

അന്ധകാരത്തിന്റെ വഴികളെ ത്യജിച്ച് പ്രകാശത്തിന്റെ പുത്തൻപാതകളെ തെരഞ്ഞെടുക്കാൻ തിരുസഭ നൽകുന്ന ഈ നോമ്പുകാലഘട്ടത്തെ ഏറ്റവും ആത്മാർത്ഥമായി നമുക്ക് പ്രയോജനപ്പെടുത്താം. വിഭൂതിദിനത്തിൽ നെറ്റിയിൽ കുരിശടയാളം വരച്ച് നാം ആരംഭിക്കുന്ന നോമ്പുജീവിതം ഏറെ അനുഗ്രഹദായകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ

ജീവിതത്തെ സൂക്ഷ്മമായി വിലയിരുത്താൻ, വിവേചനത്തിന്റെ പുത്തൻ അധ്യായങ്ങൾ വിരചിക്കാൻ, ദർശനത്തിന്റെ ലാവണ്യമുള്ള നവജീവിതം കെട്ടിപ്പടുക്കുവാൻ, പരിശുദ്ധാത്മാവിന്റെ കൃപാവരം നിങ്ങളോടൊപ്പം ഉണ്ടാകട്ടെയെന്നും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദാനധർമ്മങ്ങളുടെയും പുണ്യവഴിയിലൂടെ നടക്കുവാൻ ഏവർക്കും കഴിയട്ടെയെന്നും ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ഏവരെയും ആശീർവ്വദിക്കുന്നു.

ഇരിങ്ങാലക്കുട | **മാർ പോളി കണ്ണൂക്കാടൻ**
24. 01. 2012 | ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:- ഈ ഇടയലേഖനം ഫെബ്രുവരി 19–ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

## മെഴ്സിട്രസ്റ്റ്

സ്നേഹ ബഹു. അച്ചാ,

മെഴ്സി ട്രസ്റ്റിൽനിന്ന് പ്രാർത്ഥനാശംസകൾ! ട്രസ്റ്റിന്റെ പ്രവർത്തനത്തിന് അച്ചൻ നൽകുന്ന സഹകരണത്തിന് പ്രത്യേകം നന്ദി.

മെഴ്സി ട്രസ്റ്റിൽനിന്നും വർഷംതോറും നൽകിവരുന്ന ഉപരിപഠനത്തിന് സാമ്പത്തികസഹായം നൽകുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു. 2012 മാർച്ച് 31 വരെയാണ് അപേക്ഷ സ്വീകരിക്കുന്നത്. പൂരിപ്പിച്ച അപേക്ഷാഫോറത്തോടൊപ്പം അപേക്ഷകരുടെ ഇക്കഴിഞ്ഞ term-ന്റെ പരീക്ഷകളുടെ മാർക്ക്‌ലിസ്റ്റ് പഠിക്കുന്ന സ്ഥാപനത്തിന്റെ പ്രിൻസിപ്പലിന്റെ ഒപ്പോടുകൂടെ കൊണ്ടുവരേണ്ടതാണ്. അപേക്ഷാഫോറത്തിൽ വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ പേരും മേൽവിലാസവുമാണ് 1–ാം നമ്പറിൽ പൂരിപ്പിക്കേണ്ടത്. അപേക്ഷാഫോറത്തിന്റെ കോപ്പി അതാത് ഇടവകകളിലേക്ക് അയച്ചിട്ടുണ്ട്. കൂടുതൽ ആവശ്യമുണ്ടെങ്കിൽ ഫോട്ടോകോപ്പി എടുത്ത് ഉപയോഗിക്കാവുന്നതാണ്. കൂടാതെ 2012 മാർച്ച് 31–ന് ശേഷമുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

സസ്നേഹം

**ഫാ. ക്ലമന്റ് ചിറയത്ത്** | **മാർ പോളി കണ്ണൂക്കാടൻ**
സെക്രട്ടറി | ട്രസ്റ്റി

130/12
27.1.12

# സർക്കുലർ

*സ്നേഹമുള്ള വന്ദ്യവൈദികരേ, സന്യസ്തരേ, പ്രിയ സഹോദരരേ,*

നമ്മുടെ രൂപതയിൽ സീറോമലബാർ സഭയുടെ നിർദ്ദേശമനുസരി ച്ചുള്ള രീതിയിൽ വി. കുർബാനയ്ക്ക് ജനങ്ങൾ നില്ക്കുകയും ഇരിക്കുക യും മുട്ടുകുത്തുകയും ചെയ്യുന്നത് രൂപതാവിശ്വാസസമൂഹത്തിന്റെ കൂട്ടാ യ്മയുടെ ഭാഗവും വി. ബലിയുടെ പ്രാർത്ഥനാത്മകതയ്ക്ക് അനുയോജ്യ മായ രീതിയുമാണ്. ആഘോഷപൂർവ്വമായ കുർബാനയ്ക്കും സാധാരണ കുർബാനയ്ക്കും ജനങ്ങൾ നില്ക്കുകയും ഇരിക്കുകയും മുട്ടുകുത്തുക യും ചെയ്യുന്നത് താഴെപ്പറയുംപ്രകാരമാണ്. ഇത് നമ്മുടെ കുർബാനക്രമ ത്തിൽതന്നെ (തക്സയിൽ) ചേർത്തിട്ടുള്ളതാണ്.

**വിശ്വാസികൾ നില്ക്കുന്ന സമയം :**

- കുർബാനയുടെ ആരംഭംമുതൽ വിശുദ്ധഗ്രന്ഥപാരായണത്തിന്റെ ആരംഭം വരെ
- സുവിശേഷവായനയുടെ സമയത്ത്
- കാറോസൂസയ്ക്കുശേഷം കൃതജ്ഞതാസ്തോത്ര പ്രാർത്ഥനയുടെ തുടക്കംവരെ (ഐച്ഛികം)
- വിശ്വാസപ്രമാണത്തിന്റെ സമയത്ത്
- കൃതജ്ഞതാസ്തോത്രപ്രാർത്ഥനയുടെ സമയത്ത്
- കുർബാനസ്വീകരണത്തിനുമുമ്പുള്ള "സ്വർഗ്ഗസ്ഥനായ പിതാവേ" മുതൽ കുർബാനയുടെ സമാപനംവരെ

**വിശ്വാസികൾ ഇരിക്കുന്ന സമയം:**

- പഴയനിയമവായന, ലേഖനവായന ഇവയുടെ സമയത്ത്
- സുവിശേഷപ്രസംഗസമയത്ത്
- കാറോസുസയ്ക്കുശേഷം (വിശ്വാസപ്രമാണം ഒഴികെ) കൃതജ്ഞതാസ്തോത്രപ്രാർത്ഥനയുടെ തുടക്കംവരെ (ഐച്ഛികം)

**വിശ്വാസികൾ മുട്ടുകുത്തുന്ന സമയം:**

- "ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്തവിധം....." മുതൽ "ഞങ്ങ ളുടെ.... അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ" എന്നതു വരെ. ഈ ക്രമം വി. ബലിയിൽ പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒരുമിച്ച് ഏകമനസ്സായി കർത്താവിന്റെ ബലിയിൽ പങ്കുചേർന്ന് നമ്മുടെ വിശ്വാസം പ്രകടമാക്കാം. ദൈവം നിങ്ങളെ കൂദാശകളിലൂടെ ഏറെ പ്രത്യേകമായി വി. കുർബാനയിലെ സജീവമായ ഭാഗഭാഗിത്വത്തിലൂടെ ധാരാളം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഇരിങ്ങാലക്കുട — **മാർ പോളി കണ്ണൂക്കാടൻ**
24. 01. 2012 — ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:- ഈ സർക്കുലർ ഫെബ്രുവരി 12-ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളി കളിലും സ്ഥാപനങ്ങളിലും കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# തിരുബാലസഖ്യദിനം

**2012 ഫെബ്രുവരി 12**

കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,*

എല്ലാ വർഷവും ഫെബ്രുവരി രണ്ടാമത്തെഞായറാഴ്ച തിരുബാല സഖ്യദിനമായി ആഗോളകത്തോലിക്കാ സഭ ആചരിക്കുകയാണ്. ബാല നായ ഈശോയുടെ ജീവിതശൈലി ഓരോ കുഞ്ഞും സ്വന്തമാക്കണ മെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതാദ്ധ്യക്ഷനായിരുന്ന ബിഷപ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസഖ്യം എന്ന സംഘടന സ്ഥാപിക്കുന്നത്. 1922-ൽ 10-ാം പീയൂസ് മാർപാപ്പാ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 11-ാംപീയൂസ് മാർപാപ്പാ എല്ലാ വർഷവും ഫെബ്രുവരി രണ്ടാം ഞായർ തിരുബാലസഖ്യദിനമായി ആചരിക്കണമെന്ന് നിഷ്കർഷിക്കുകയുമുണ്ടായി. ഇളം മനസ്സുകളുടെ രൂപീകരണത്തിന് ഇത്തരം ആഘോഷങ്ങൾ സഹായകമാ കയാൽ ഈ ദിനം ഉചിതമായ തയ്യാറെടുപ്പുകളോടെ നാം ആചരിക്കേണ്ടതാണ്.

നസ്രത്തിലെ തിരുക്കുടുംബത്തിൽ നിറഞ്ഞുനിന്ന ദൈവികമായ ജീവന്റെ വിശുദ്ധ സംസ്കാരത്തിന് പരിശുദ്ധ അമ്മയുടെയും വിശുദ്ധ യൗസേപ്പിതാവിന്റെയും ബോധപൂർവ്വകമായ കരുതലുകൾ ഉണ്ടായി രുന്നു. ബാലനായ ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തി ന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നതിൽ ഈ കരുതൽ വലിയ പങ്കുവ ഹിച്ചു.

കുടുംബവും സാഹചര്യങ്ങളുമാണ് ജീവിതനിലപാടുകൾ രൂപീകരി ക്കുന്നതിൽ കുഞ്ഞുങ്ങളെ സ്വാധീനിക്കുന്ന ഏറ്റവും വലിയ ഘടകങ്ങൾ. ഒരു ജീവസംസ്കാരം രൂപപ്പെടുത്തണമെങ്കിൽ ഓരോ കുട്ടിയുടെ യുംജീവിതസാഹചര്യങ്ങൾ അറിഞ്ഞേ മതിയാകൂ. കുട്ടികളുടെ ചിന്താ മ ണ്ഡലങ്ങളും അതിൽനിന്നും ഉയർന്നുവരുന്ന പ്രവർത്തനരീതികളുമൊക്കെ അവരുടെ ജീവിതനിലവാരത്തിന്റെയും ആദ്ധ്യാത്മികനിലപാടുകളു ടെയും സാക്ഷ്യങ്ങളാണ്. അതിനാൽ, കുഞ്ഞുങ്ങളുടെ മേലുള്ള ദൈവ പദ്ധതിക്ക്മുതിർന്നവർ കൂട്ടുനിൽക്കണം. അതിന്റെ തിരിച്ചറിവിനും വളർ ച്ചയ്ക്കുംവേണ്ടി സഹകരിക്കുകയും വേണം. ഉപഭോക്തൃസംസ്കാരത്തി ന്റെ ഇഷ്ടാനിഷ്ടങ്ങളും പ്രത്യയശാസ്ത്രങ്ങളുടെ മാർഗ്ഗഭ്രംശവും കുഞ്ഞുങ്ങളെ വഴി തെറ്റിക്കുന്നു ഇക്കാലത്ത് അതു പ്രധാനപ്പെട്ട കാര്യമാണ്.

സാധാരണഗതിയിൽ 12 വയസ്സുവരെപ്രായമുള്ള കുട്ടികളാണ് തിരുബാലസഖ്യത്തിൽ അംഗങ്ങളാകുന്നത്. ആദ്യകുർബാനസ്വീകണം

വരെയുള്ള ഈ കാലഘട്ടത്തിൽ കുരുന്നുമനസ്സുകളുടെ ശരിയായ രൂപീകരണത്തിന് വേണ്ടതെല്ലാം നാം കരുതലോടെ ചെയ്യേണ്ടതുണ്ട്. 12-ാം വയസ്സിൽ ബാലനായ ഈശോ ദൈവാലയത്തിൽവച്ച് തന്റെ ജീവിതനിലപാട് വ്യക്തമാക്കി. മനസ്സാക്ഷി രൂപീകരണത്തിന്റെ ഇളം പ്രായത്തിൽ ശരിയായ നിലപാടുകൾ കാണിച്ചുകൊടുക്കുന്നതിന്റെ ആവശ്യകതയാണ് ഇവിടെ വ്യക്തമാകുന്നത്.

നിലപാടുരൂപീകരണം വളരെ സാവധാനത്തിൽ നടക്കുന്നതായതുകൊണ്ടുംസഭയ്ക്കും ക്രൈസ്തവ മൂല്യങ്ങൾക്കും എതിരെയുള്ള അന്ധകാരശക്തികളുടെ പ്രവർത്തനം ശക്തമായതുകൊണ്ടും ധ്യാനത്തോ ടെയും പരിചിന്തനത്തോടെയും വേണം കുഞ്ഞുങ്ങളുടെ വളർത്തലിലും ദൈവവിളി പ്രോത്സാഹനത്തിലും മുതിർന്നവർ ശ്രദ്ധിക്കുവാൻ. കുടുംബം, ഇടവക, വിദ്യാലയം, സമൂഹം എന്നിവ സഹകരിച്ചു പ്രവർത്തിച്ചെങ്കിലേ ഇതു സാധ്യമാവുകയുള്ളൂ.

“കുഞ്ഞുങ്ങൾ എന്റെ അടുത്തുവരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്” (മത്താ 19:14) എന്ന ഈശോയുടെ നിർദ്ദേശവും, “എന്റെ ഈ എളിയ സഹോദരരിൽ ഒരുവന് നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്കുക്കതന്നെയാണ് ചെയ്തുതന്നത്” (മത്താ 25;40) എന്ന അവിടത്തെ വാക്കുകളും നമ്മുടെ മനസ്സിലുണ്ടാകണം. ദൈവസമ്മാന മായ കുഞ്ഞിന് ജന്മം നൽകികുടുംബത്തിലേക്കും ഇടവകയിലേക്കും സമൂഹത്തിലേ ക്കും അതിനെ നയിക്കുമ്പോൾ ദൈവ പദ്ധതിയോടാണ് മാതാപിതാക്കൾ സഹകരിക്കുന്നത്. ഇതിന് തടസ്സം നില്ക്കുന്ന ഏത് ശക്തിയും-അത് പാർട്ടി പ്രത്യയശാസ്ത്രമാകട്ടെ, നിരീശ്വരവാദങ്ങളാകട്ടെ, ഉപഭോക്തൃ സംസ്കാരമാകട്ടെ, യാഥാസ്ഥിക വാദങ്ങളാകട്ടെ-സ്നേഹത്തെപ്രതി സർവ്വം സൃഷ്ടിച്ച് കാത്തുപരിപാലിക്കുന്ന കാരുണ്യവാനായ ദൈവത്തോ ടാണ് മറുതലിക്കുന്നത്. “ഈ എളിയവരിൽ ആർക്കെങ്കിലും ഉതപ്പ് നൽകു ന്നവന്റെ കഴുത്തിൽ തിരികല്ല് കെട്ടി ആഴക്കടലിൽ താഴ്ത്തപ്പെടുന്നതാണ് നല്ലതെന്ന (മത്താ 18:6) ഈശോയുടെ വാക്കുകൾ ഇവർ ഓർക്കുന്നതു നല്ലതാണ്. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് അവനെ/അവളെ വളർത്താൻ നമുക്കു കഴിയണം. അതിനായി ചില പ്രായോഗിക നിദ്ദേശങ്ങൾ വയ്ക്കട്ടെ.

1. കുടുംബത്തിൽ ശാന്തിയും സമാധാനവും ഉറപ്പുവരുത്തുക. കുട്ടികളുടെ മുന്നിൽ പരസ്നേഹത്തിനെതിരായപ്രവൃത്തികളോ ചർച്ചകളോ ഉണ്ടാകാതെ നോക്കണം. കരുണയില്ലാത്ത നിലപാടുകൾ ഉണ്ടാകരുത്. തിരുസഭയെയും മെത്രാന്മാരെയും വൈദികരെയും സന്ന്യസ്തരെയും കുറിച്ച് ബഹുമാനപൂർവ്വം സംസാരിക്കണം.
2. കുട്ടികൾക്ക് ദൈവവചനവും വിശുദ്ധരുടെ ജീവിതകഥകളും ലഭ്യമാക്കുക. കുട്ടികളോടൊപ്പം പ്രാർത്ഥനകളിലും തിരുനാളുകളിലും തിരുപ്പട്ട – സന്ന്യാസവ്രതസ്വീകരണ വേളകളിലും പങ്കെടുക്കുക.

3. ഇടവക–ഫൊറോനാ–രൂപതാടിസ്ഥാനങ്ങളിൽ കുട്ടികൾക്ക് ആത്മീയ ഉണർവുണ്ടാകുന്ന റാലികൾ, മത്സരങ്ങൾ, സെമിനാറുകൾ, ധ്യാനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.
4. സിസ്റ്റേഴ്സിനെ തിരുബാലസഖ്യ ആനിമേറ്റേഴ്സായി നിയമിക്കുകയും ആഴ്ചയിലൊരിക്കൽ ഈ ആനിമേറ്ററുടെ നേതൃത്വത്തിൽ മീറ്റിംഗും പ്രാർത്ഥനയും സംഘടിപ്പിക്കുകയും ചെയ്യുക.
5. നമ്മുടെ വിദ്യാലയങ്ങളിൽ പാഠ്യവിഷയങ്ങൾക്കുപുറമേകുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയെ മുന്നിൽകണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ ആകർഷക മാക്കി നൽകുക .
6. ദൃശ്യശ്രാവ്യ വാർത്താവിനിമയ മാധ്യമങ്ങളിലൂടെ കുഞ്ഞുമനസ്സിൽ ദൈവചിന്തയെ ഉണർത്തുക. ഉപഭോക്തൃസംസ്കാരത്തിന്റെ ദോഷവശങ്ങളെ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക.
7. വിദ്യാലയ അന്തരീക്ഷത്തിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പെരുമാറ്റവും ചർച്ചകളും സഭയ്ക്കും സഭാമേലധികാരികൾക്കും എതിരല്ല എന്നുറപ്പാക്കണം. ചിന്തകളെ സ്വർഗ്ഗോന്മുഖമാക്കുന്ന ചിത്രങ്ങളും, ദൈവവചന ലിഖിതങ്ങളും ഉപയോഗിക്കുക.
8. സുവിശേഷവേലയ്ക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നത് നല്ലതാ ണെന്നും അഭിമാനിക്കാവുന്നതാണെന്നും അതുവഴി കുടുംബം അനുഗ്രഹിക്കപ്പെടു മെന്നുംകുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക;
9. ദൈവസേവനത്തിനും ദൈവാലയ ശുശ്രൂഷയ്ക്കും കുട്ടികളിൽ ആഗ്രഹം ജനിപ്പിക്കുക, അവരെ അതിന് പ്രോത്സാഹിപ്പിക്കുക.
10. 'ഈശോയ്ക്കുള്ള എന്റെ സമ്മാനം' എന്ന മാതൃകയിലുള്ള പദ്ധതികൾ തുടങ്ങുകയുംഅതിലൂടെസുവിശേഷ വേലയും മിഷനറി ചിന്തകളും വളർത്തുകയും ചെയ്യുക.

കുടുംബത്തിൽ ആരംഭിച്ച്, ഇടവകയിലും വിദ്യാലയത്തിലും വളർന്ന്, സഭയിലും സമൂഹത്തിലും പടർന്ന് പന്തലിക്കുന്ന ആത്മീയ വളർച്ചയുടെയും ദൈവവിളി പോഷണത്തിന്റെയും സംസ്കാരമാകട്ടെ രണ്ടായിരത്തിപന്ത്രണ്ടിന്റെ തിരുബാലസഖ്യദിനചിന്തകൾ.

പ്രിയപ്പെട്ട കുഞ്ഞുകൂട്ടുകാരേ, ഈശോയുടെ കൈപിടിച്ച് അവന്റെ കൂടെ നടക്കാൻ നിങ്ങൾക്ക് ഇടയാകട്ടെ.കാരുണ്യവാനായ ദൈവം എല്ലാ വരെയുംഅനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

**ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവേൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

NB: 2012 ഫെബ്രുവരി 12–ാം തീയതി ഈ സർക്കുലർ കേരളത്തിലെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# ലോകരോഗീദിന സന്ദേശം

**11 ഫെബ്രുവരി 2012**

## ഇരുപതാം ലോകരോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ നല്കുന്ന സന്ദേശം

**"എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (ലൂക്ക 17:19).**

പ്രിയ സഹോദരീസഹോദരന്മാരേ,

ലോകരോഗീദിനം 2012 ഫെബ്രുവരി 11–ന് ലൂർദ് മാതാവിന്റെ സ്മാരകദിനത്തിൽ ആചരിക്കുകയാണല്ലോ. ഈ അവസരത്തിൽ ആശുപത്രികളിലും വീടുകളിലും ചികിത്സയിലായിരിക്കുന്ന എല്ലാ രോഗികളോടും എനിക്കുള്ള ആത്മീയഅടുപ്പം പുതുക്കാനും അവരിൽ ഓരോരുത്തരോടും മുഴുവൻ സഭയുടെയും ഔത്സുക്യവും വാത്സല്യവും വ്യക്തമാക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഓരോ മനുഷ്യജീവനെയും – സർവോപരി ദുർബലവും രോഗാതുരവുമായ മനുഷ്യജീവനെ – ഉദാരതയോടും സ്നേഹത്തോടുംകൂടി സ്വാഗതം ചെയ്യുമ്പോൾ ക്രൈസ്തവൻ തന്റെ സുവിശേഷസാക്ഷ്യത്തിന്റെ ഒരു സുപ്രധാനവശം പ്രകാശിപ്പിക്കുകയാണ്. ക്രിസ്തുവിന്റെ മാതൃകയനുസരിച്ചാണ് അങ്ങനെ ചെയ്യുന്നത്. അവിടന്ന് മനുഷ്യന്റെ ഭൗതികവും ആധ്യാത്മികവുമായ സഹനങ്ങളിൽ അവനെ സുഖപ്പെടുത്തുന്നതിന് കരുണ കാണിച്ചു.

ജർമ്മനിയിൽവച്ച് 2013 ഫെബ്രുവരി 11–ന് ആചരിക്കാനിരിക്കുന്ന ലോകരോഗീദിനത്തിനുള്ള തൊട്ടടുത്ത തയ്യാറെടുപ്പാണ് ഈ വർഷം. നല്ല സമറായന്റെ സുവിശേഷചിത്രമായിരിക്കും ആ ആചരണത്തിൽ ശ്രദ്ധാകേന്ദ്രമായിരിക്കുന്നത് (cf. ലൂക്ക 10:29–37). അതുകൊണ്ട് ഇക്കൊല്ലം സൗഖ്യദാനപരമായ കൂദാശകൾക്ക് ഊന്നൽ നല്കാൻ, അതായത്, പ്രായശ്ചിത്തത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശ, രോഗീലേപനകൂദാശ എന്നിവയ്ക്ക് പ്രാധാന്യം നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ കൂദാശകളുടെ സ്വാഭാവികപൂർണത ദിവ്യകാരുണ്യസ്വീകരണത്തിലാണു സംഭവിക്കുന്നത്.

യേശു പത്തു കുഷ്ഠരോഗികളെ കണ്ടുമുട്ടുന്നതായി വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ വിവരിക്കുന്നുണ്ട് (cf. ലൂക്കാ 17:11–19). "എഴുന്നേറ്റ് പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (ലൂക്കാ 17:19) എന്ന് കർത്താവ് അവരിൽ ഒരാളോടു പറയുന്നതായും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സഹനത്തിന്റെയും രോഗത്തിന്റെയും ഭാരംവഹിച്ച് കർത്താവിന്റെ അടുത്തേക്കു പോകുന്നവർക്ക് വിശ്വാസമു

ണ്ടായിരിക്കുകയെന്നത് എത്രമാത്രം പ്രാധാന്യമർഹിക്കുന്ന കാര്യമാണെന്ന് അറിയാൻ ആ കണ്ടുമുട്ടൽ വിവരണവും കർത്താവിന്റെ ആ വാക്കുകളും നമ്മെ സഹായിക്കുന്നു. വിശ്വസിക്കുന്നവൻ ഒരിക്കലും ഒറ്റപ്പെട്ടവനല്ല എന്ന് കർത്താവുമായുള്ള കണ്ടുമുട്ടലിൽ അവർക്ക് യഥാർത്ഥത്തിൽ അനുഭവിക്കാൻ കഴിയും. യഥാർത്ഥത്തിൽ ദൈവം തന്റെ പുത്രനിൽ, നമ്മെ തീവ്ര വേദനയ്ക്കും സഹനങ്ങൾക്കുമായി വിട്ടുകളയുന്നില്ല. പിന്നെയോ അവിടന്ന് നമ്മോട് അടുത്തുനില്ക്കുന്നു, അവയെല്ലാം സഹിക്കാൻ നമ്മെ സഹായിക്കുന്നു, നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ നമ്മെ സുഖപ്പെടുത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നു (cf. മർക്കോ 2:1–12).

ഒരു കുഷ്ഠരോഗി, താൻ സുഖപ്പെട്ടുവെന്നറിഞ്ഞ് വിസ്മയത്തോടും സന്തോഷത്തോടുംകൂടി – മറ്റുള്ളവരിൽനിന്നു വ്യത്യസ്തനായി – യേശുവിന്റെയടുക്കലേക്ക് പെട്ടെന്ന് തിരിച്ചു ചെന്ന് നന്ദി പറഞ്ഞു. ഒരു വസ്തുത ഗ്രഹിക്കാൻ അത് നമ്മെ സഹായിക്കുന്നു. വീണ്ടും ലഭിക്കുന്ന ആരോഗ്യം കേവലം ശാരീരികസൗഖ്യത്തെക്കാൾ വിലപ്പെട്ടതാണെന്ന വസ്തുതയാണത്. അത് ക്രിസ്തുവിലൂടെ ദൈവം നമുക്കു നല്കുന്ന രക്ഷയുടെ ഒരു അടയാളമാണ്. “നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു” എന്ന ക്രിസ്തുവിന്റെ വാക്കുകളിൽ അത് പ്രകാശിപ്പിക്കപ്പെടുന്നു. സഹനത്തിലും രോഗത്തിലും കർത്താവിനോട് പ്രാർത്ഥിക്കുന്നവന് ഉറപ്പുണ്ട്, ദൈവസ്നേഹം തന്നെ പരിത്യജിക്കുകയില്ലെന്ന്. കർത്താവിന്റെ രക്ഷാകരകർമ്മത്തിന്റെ കാലത്തിലുള്ള ദീർഘിപ്പിക്കലാകുന്ന സഭയുടെ സ്നേഹം ഒരിക്കലും പരാജയപ്പെടുകയില്ലെന്നും ഉറപ്പുണ്ട്. അങ്ങനെ രക്ഷയുടെ അത്യഗാധമായ ബാഹ്യപ്രകടനമായ ശാരീരികസൗഖ്യദാനം കർത്താവിന്റെ മുമ്പിൽ മനുഷ്യനുള്ള പ്രാധാന്യം വെളിവാക്കുന്നു. കർത്താവിന്റെ മുമ്പിൽ ആത്മശരീരങ്ങളോടുകൂടിയ സമഗ്രമനുഷ്യനുള്ള പ്രാധാന്യം വെളിവാകുന്നു. അതിനായി ഓരോ കൂദാശയും ദൈവത്തിന്റെ ഉറ്റസാമീപ്യം വെളിവാക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യുന്നു. അവിടന്നു തികച്ചും സൗജന്യപരമായി “ഭൗതികവസ്തുക്കളിലൂടെ നമ്മെ തൊടുന്നു... അവയെ അവിടന്ന് തന്റെ സേവനത്തിനായി എടുക്കുന്നു. നമ്മൾ അവിടത്തെ കണ്ടുമുട്ടുന്നതിനുള്ള ഉപകരണങ്ങളാക്കുകകയും ചെയ്യുന്നു” (മതപ്രഭാഷണം, ക്രിസ്സം മാസ്സ്, 1 ഏപ്രിൽ 2010). “സൃഷ്ടികർമ്മവും രക്ഷാകർമ്മവും തമ്മിലുള്ള ഐക്യം ദൃശ്യമാക്കപ്പെടുന്നു. നമ്മുടെ വിശ്വാസത്തിന്റെ ഭൗതികസ്വഭാവത്തിന്റെ പ്രകാശനങ്ങളാണ് കൂദാശകൾ. ആ വിശ്വാസം മുഴുവൻ വ്യക്തിയെയും – ശരീരത്തെയും ആത്മാവിനെയും – ആശ്ലേഷിക്കുന്നു” (മതപ്രഭാഷണം, ക്രിസ്സം മാസ്സ്, 21 ഏപ്രിൽ 2011).

സഭയുടെ പ്രധാന ദൗത്യം, തീർച്ചയായും, ദൈവരാജ്യം പ്രഘോഷിക്കുകയെന്നതാണ്. “എന്നാൽ ഈ പ്രഘോഷണംതന്നെ സുഖപ്പെടു

ത്തൽ പ്രക്രിയ ആയിരിക്കണം. 'ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കൽ' (ഏശ 61:1) ആയിരിക്കണം". (അവിടെത്തന്നെ) യേശു തന്റെ ശിഷ്യരെ ഏല്പിച്ച കടമയനുസരിച്ച് അപ്രകാരമായിരിക്കണം (cf. ലൂക്കാ 9:1-2; മത്താ 10:1, 5-14; മർക്കോ 6:7-13). അങ്ങനെ, ആത്മാവ് മുറിവേറ്റതിനുശേഷമുണ്ടാകുന്ന ശാരീരികാരോഗ്യം, നവീകരണം എന്നീ രണ്ടു കാര്യങ്ങൾ സൗഖ്യദാനകൂദാശകളെ കൂടുതൽ നന്നായി മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

2. മിക്കപ്പോഴും സഭയുടെ അജപാലകരുടെ വിചിന്തനത്തിന്റെ കേന്ദ്രമായിരുന്നു പ്രായശ്ചിത്തക്കൂദാശ. ക്രൈസ്തവയാത്രയിൽ അതിനുള്ള വലിയ പ്രാധാന്യമാണ് അതിന്റെ സവിശേഷകാരണം. എന്തെന്നാൽ "പ്രായശ്ചിത്തക്കൂദാശയുടെ മുഴുവൻ ശക്തിയും നമ്മെ ദൈവത്തിന്റെ കൃപാവരത്തിലേക്കു തിരിച്ചുകൊണ്ടുപോകുന്നതിലും അവിടത്തോടുള്ള ഉറ്റസൗഹൃദത്തിൽ നമ്മെ ചേർക്കുന്നതിലും അടങ്ങിയിരിക്കുന്നു" (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 1468). യേശുവിന്റെ പാപപ്പൊറുതിയുടെയും അനുരഞ്ജനത്തിന്റെയും സന്ദേശത്തിന്റെ പ്രഘോഷണം തുടർന്നുകൊണ്ടിരിക്കുന്നു. മാനസാന്തരപ്പെടാനും സുവിശേഷത്തിൽ വിശ്വസിക്കാനും മുഴുവൻ മനുഷ്യവംശത്തെയും ക്ഷണിക്കുന്നതിൽനിന്ന് സഭ വിരമിക്കുന്നില്ല. "ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. ഞങ്ങൾ വഴി ദൈവം നിങ്ങളോട് അഭ്യർത്ഥിക്കുന്നു. നിങ്ങൾ ദൈവത്തോടു രമ്യതപ്പെടുവിൻ. ഇതാണ് ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നത്" (2 കോറി 5:20) എന്നിങ്ങനെയുള്ള വിശുദ്ധ പൗലോസ് ശ്ലീഹായുടെ ആഹ്വാനം സഭ സ്വന്തമാക്കുന്നു.

യേശു തന്റെ ജീവിതകാലത്ത് പിതാവായ ദൈവത്തിന്റെ കാരുണ്യത്തെക്കുറിച്ചു പ്രഘോഷിക്കുകയും അതിനെ സന്നിഹിതമാക്കുകയും ചെയ്തു. അവിടന്ന് വന്നത് ശിക്ഷയ്ക്കു വിധിക്കാനല്ല. പിന്നെയോ പൊറുക്കാനും രക്ഷിക്കാനുമാണ്. സഹനത്തിന്റെയും പാപത്തിന്റെയും കൂരിരുട്ടിൽ പ്രത്യാശ നല്കാനും ശാശ്വതജീവൻ നല്കാനുമാണ്. അങ്ങനെ, പ്രായശ്ചിത്തക്കൂദാശയിൽ, "ഏറ്റുപറച്ചിൽ എന്ന ഔഷധത്തിൽ", പാപത്തിന്റെ അനുഭവം നിരാശയായി തരംതാഴുന്നില്ല. പിന്നെയോ ക്ഷമിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ദിവ്യസ്നേഹത്തെ കണ്ടുമുട്ടുകയാണ് (cf. ജോൺപോൾ രണ്ടാമൻ, സിനഡനന്തര അപ്പസ്തോലികാഹ്വാനം, അനുരഞ്ജനവും പ്രായശ്ചിത്തവും, 31).

സുവിശേഷത്തിലെ ഉപമയിൽ കാണുന്ന പിതാവിനെപ്പോലെ (cf. ലൂക്കാ 15:11-32) "കരുണയിൽ സമ്പന്നൻ" (എഫേ 2:4) ആണ് ദൈവം. അവിടന്ന് തന്റെ മക്കളിൽ ആരുടെയും നേരേ ഹൃദയം അടയ്ക്കുന്നില്ല. മറിച്ച് അവരെ കാത്തിരിക്കുന്നു. അവർ കൂട്ടായ്മ ഉപേക്ഷിക്കയാൽ അനുഭവിക്കുന്ന ഏകാന്തതയുടെയും വിഭജനത്തിന്റെയും തടവിൽ അവരെ

അന്വേഷിച്ചു ചെല്ലുന്നു. അവരെ തന്റെ വിരുന്നു മേശയ്ക്കു ചുറ്റും, പാപപ്പൊറുതിയുടെയും അനുരഞ്ജനത്തിന്റെയും മഹോത്സവത്തിന്റെ സന്തോഷത്തിൽ, സമ്മേളിക്കാൻ ക്ഷണിക്കുന്നു. നിരുത്സാഹപ്പെടാനും നിരാശപ്പെടാനും പ്രലോഭിപ്പിക്കപ്പെടാവുന്ന സഹനത്തിന്റെ സമയത്തെ കൃപാവരത്തിന്റെ സമയമാക്കി രൂപാന്തരപ്പെടുത്താൻ കഴിയും. ഒരുവന് തന്നിലേക്കുതന്നെ തിരിയാൻ കഴിയും. ഉപമയിൽ കാണുന്ന ധൂർത്തപുത്രനെപ്പോലെ സ്വന്തം ജീവിതത്തെ സംബന്ധിച്ച് പുതുതായി ചിന്തിക്കാനും അതിലെ തെറ്റുകളും പരാജയങ്ങളും തിരിച്ചറിയാനും പിതാവിന്റെ ആശ്ലേഷം ആഗ്രഹിച്ചുകൊണ്ട് അവിടത്തെ ഭവനത്തിലേക്കുള്ള വഴിയേ നടക്കാനും കഴിയും. പിതാവായ ദൈവം എപ്പോഴും വലിയ സ്നേഹത്തോടെ എല്ലായ്പ്പോഴും എവിടെയും നമ്മുടെ ജീവിതത്തെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. തന്നിലേക്കു തിരിച്ചുവരുന്ന ഓരോ കുട്ടിക്കും പൂർണമായ അനുരഞ്ജനത്തിന്റെയും സന്തോഷത്തിന്റെയും സമ്മാനം നല്കാൻവേണ്ടി നമ്മെ കാത്തിരിക്കുന്നു.

3. യേശു രോഗികളോട് എപ്പോഴും പ്രത്യേക താത്പര്യം കാണിച്ചിരുന്നു. സുവിശേഷങ്ങൾ വായിക്കുമ്പോൾ അക്കാര്യം വ്യക്തമാകുന്നുണ്ട്. മുറിവുകൾ സുഖപ്പെടുത്താൻ ശിഷ്യരെ അയയ്ക്കുക മാത്രമല്ല അവിടന്ന് ചെയ്തത് (cf. മത്താ 10:8; ലൂക്കാ 9:2; 10:9). പിന്നെയോ രോഗീലേപനമെന്ന ഒരു സവിശേഷക്കൂദാശ സ്ഥാപിക്കുകകൂടി ചെയ്തു. ക്രൈസ്തവസമൂഹം ഉണ്ടാകുന്നതിനുമുമ്പുതന്നെ ഈ കൗദാശികകർമ്മം നിലനിന്നതായി വിശുദ്ധ യാക്കോബിന്റെ ലേഖനം സാക്ഷ്യംവഹിക്കുന്നു (cf. യാക്കോ 5:14–16). മൂപ്പന്മാരുടെ പ്രാർത്ഥനയോടെ രോഗീലേപനം നടത്തുകയും അങ്ങനെ സഭ രോഗികളെ സഹിക്കുന്നവനും മഹത്ത്വീകൃതനുമായ കർത്താവിന് ഭരമേല്പിക്കുകയും ചെയ്യുന്നു. അവിടന്ന് അവരുടെ സഹനങ്ങൾ ലഘൂകരിക്കാനും അവരെ രക്ഷിക്കാനും വേണ്ടിയാണത്. ക്രിസ്തുവിന്റെ പീഡാസഹനത്തോടും മരണത്തോടും ആധ്യാത്മകമായി സ്വയം ഐക്യപ്പെടാൻ സഭ രോഗികളോട് ആഹ്വാനം ചെയ്യുന്നു. ദൈവജനത്തിന്റെ നന്മയ്ക്ക് ഉപകരിക്കാനാണത്.

ഒലിവുമലയിലെ ഇരട്ടരഹസ്യത്തെക്കുറിച്ചു ചിന്തിക്കാൻ ഈ കൂദാശ നമ്മെ പ്രേരിപ്പിക്കുന്നു. അവിടെ പിതാവ് ചൂണ്ടിക്കാണിച്ച പീഡാസഹനത്തിന്റെ പാത യേശു കണ്ടുമുട്ടുന്നു. അത് സ്നേഹത്തിന്റെ പരമമായ പ്രവൃത്തിയാണ്. അവിടന്ന് അതു സ്വീകരിച്ചു. പരീക്ഷയുടെ ആ സമയത്ത് അവിടന്ന് മധ്യസ്ഥനാണ്. "അവിടന്ന് ലോകത്തിന്റെ സഹനങ്ങളും പീഡകളും തന്നിൽതന്നെ വഹിക്കുന്നു. ലോകത്തെ ദൈവത്തിങ്കലേക്കുള്ള നിലവിളിയായി രൂപാന്തരപ്പെടുത്തുന്നു. അതിനെ ദൈവത്തിന്റെ കണ്ണുകളിലേക്കും കൈകളിലേക്കും എത്തിക്കുന്നു. യഥാർത്ഥത്തിൽ രക്ഷയുടെ നിമിഷത്തിലേക്കു കൊണ്ടുവരുന്നു" (ദിവ്യവായന, റോമിലെ ഇട

വക വികാരിമാരുമായുള്ള കൂടിക്കാഴ്ച, 18 ഫെബ്രുവരി 2010). എന്നാൽ "അവിടന്ന് പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്ത സ്ഥാനവുമാണ് ഒലിവുതോട്ടം. അതുകൊണ്ട് അത് രക്ഷാകർമ്മത്തിന്റെ സ്ഥാനവുമാണ്.

ഒലിവുമലയുടെ ഈ ഇരട്ടരഹസ്യം സഭയുടെ കൗദാശികതൈലത്തിൽ എപ്പോഴും പ്രവർത്തിക്കുന്നു... നമ്മെ സ്പർശിക്കാൻ വരുന്ന "ദൈവത്തിന്റെ നന്മയുടെ അടയാളം" (മതപ്രഭാഷണം, ക്രിസ്സം മാസ്സ്, 1 ഏപ്രിൽ 2010). രോഗീലേപനത്തിൽ തൈലമെന്ന കൗദാശികവസ്തു ദൈവം നല്കുന്ന ഔഷധമെന്ന നിലയിൽ നല്കപ്പെടുന്നു. "...അത് അവിടത്തെ നന്മയെക്കുറിച്ച് നമുക്ക് ഉറപ്പുതരുന്നു. ശക്തിയും ആശ്വാസവും നല്കും. എന്നാൽ രോഗത്തിന്റെ നിമിഷത്തിനപ്പുറത്ത് സുനിശ്ചിതമായ സൗഖ്യദാനത്തെ, ഉത്ഥാനത്തെ, സൂചിപ്പിക്കുകയും ചെയ്യുന്നു (cf. യാക്കോ 5:14)" (അവിടത്തന്നെ).

ഇന്ന് ഈ കൂദാശ, ദൈവശാസ്ത്രപരമായ ചിന്തയിലും രോഗികളുടെയിടയിലുള്ള അജപാലനശുശ്രൂഷയിലും കൂടുതൽ പരിഗണന അർഹിക്കുന്നുണ്ട്. രോഗത്തോടു ബന്ധപ്പെട്ട വിവിധ മാനുഷികസാഹചര്യങ്ങളോടു പൊരുത്തപ്പെടുത്തിയിട്ടുള്ള ലിറ്റർജിക്കൽ പ്രാർത്ഥനകളുടെ ഉള്ളടക്കം വിലമതിക്കണം. ഒരു വ്യക്തി അയാളുടെ ജീവിതത്തിന്റെ അന്ത്യഘട്ടത്തിലെത്തുമ്പോൾ മാത്രമല്ല അത് നടത്തേണ്ടത് (cf. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 1514). രോഗീലേപനം മറ്റു കൂദാശകളുമായി താരതമ്യം ചെയ്യുമ്പോൾ "ചെറിയ കൂദാശ" ആയി കരുതാൻ പാടില്ല. രോഗികളെ പരിചരിക്കുന്നതും അവർക്ക് അജപാലനശുശ്രൂഷ നിർവഹിക്കുന്നതും ഒരുവശത്ത്, സഹിക്കുന്നവരോടുള്ള ദൈവത്തിന്റെ വാത്സല്യത്തിന്റെ അടയാളമാണ്. മറുവശത്ത് അത് മുഴുവൻ ക്രൈസ്തവസമൂഹത്തിനും വൈദികർക്കും ആധ്യാത്മികമായ നേട്ടമുണ്ടാക്കുകയും ചെയ്യുന്നു. ഏറ്റവും എളിയവർക്കുവേണ്ടി ചെയ്യുന്നത് യേശുവിനുവേണ്ടി ചെയ്യുന്നതാണെന്നു നാം അറിയുന്നുവല്ലോ (cf. മത്താ 25:40).

4. സൗഖ്യദായകകൂദാശകളെ സംബന്ധിച്ച് വിശുദ്ധ ആഗസ്തീനോസ് ഇങ്ങനെ ഉറപ്പിച്ചു പറയുന്നു: "നിന്റെ എല്ലാ രോഗങ്ങളും ദൈവം സുഖപ്പെടുത്തുന്നു. അതുകൊണ്ട് ഭയപ്പെടേണ്ടാ. നിന്റെ എല്ലാ രോഗങ്ങളും ശമിപ്പിക്കപ്പെടും. സുഖപ്പെടുത്താൻ നീ അവിടത്തെ അനുവദിച്ചാൽ മാത്രം മതി. നീ അവിടത്തെ കൈകളെ തള്ളിക്കളയരുത്" (Exposition on Psalm 102, 5; PL 36, 1319-1320). അവ രണ്ടും ദൈവകൃപയുടെ അമൂല്യങ്ങളായ ഉപകരണങ്ങളാണ്. ക്രിസ്തുവിന്റെ മരണോത്ഥാനരഹസ്യത്തോട് കൂടുതൽ പൂർണമായി അനുരൂപപ്പെടാൻ അവ രോഗിയെ സഹായിക്കുന്നു.

ഈ രണ്ട് കൂദാശകകളോടൊപ്പം ദിവ്യകാരുണ്യത്തിന്റെ പ്രാധാന്യം ഊന്നിപ്പറയാനും ഞാൻ ആഗ്രഹിക്കുന്നു. രോഗാവസ്ഥയിൽ ദിവ്യകാരുണ്യം സ്വീകരിച്ചാൽ അത് ഈ രൂപാന്തരീകരണത്തിന് പ്രത്യേകമാംവിധം സഹായം ചെയ്യും. ക്രിസ്തുവിന്റെ ശരീരരക്തങ്ങളിൽ പങ്കുചേരുന്ന വ്യക്തിയെ, എല്ലാവരുടെയും രക്ഷയ്ക്കായി ക്രിസ്തു പിതാവിന് നടത്തിയ ആത്മസമർപ്പണത്തോട് സ്വയം ഐക്യപ്പെടുത്തുന്നു. ആരോഗ്യക്കുറവു മൂലമോ വാർധക്യം മൂലമോ ആരാധനാലയത്തിൽ പോകാൻ സാധിക്കാത്തവർക്ക് കൂടെക്കൂടെ ദിവ്യകാരുണ്യം സ്വീകരിക്കാനുള്ള സാധ്യത ഉറപ്പുവരുത്താൻ മുഴുവൻ സഭാസമൂഹവും പ്രത്യേകിച്ച് ഇടവക സമൂഹങ്ങളും ശ്രദ്ധിക്കണം.

അങ്ങനെ, ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവുമായിട്ടുള്ള ബന്ധം ദൃഢീകരിക്കാൻ ഈ സഹോദരീസഹോദരന്മാർക്ക് സാധ്യത നല്കുന്നു. ക്രിസ്തുവിനോടുള്ള സ്നേഹത്തിനു സ്വയം സമർപ്പിക്കുന്ന ജീവിതത്തിലൂടെ സഭയുടെ ദൗത്യത്തിൽ അവർ പങ്കുചേരുന്നു. ഈ വീക്ഷണമനുസരിച്ച്, ആശുപത്രികളിലും നേഴ്സിംഗ് ഹോമുകളിലും രോഗീസംരക്ഷണകേന്ദ്രങ്ങളിലും സാന്ദർഭികസേവനം ചെയ്യുന്ന വൈദികർ "രോഗികളുടെ യഥാർത്ഥശുശ്രൂഷകരായി തങ്ങളെത്തന്നെ കരുതുകയെന്നത് സുപ്രധാന കാര്യമാണ്. അവർ ക്രിസ്തുവിന്റെ സഹതാപത്തിന്റെ അടയാളങ്ങളും ഉപകരണങ്ങളുമായി കരുതണം. സഹിക്കുന്ന ആരിലേക്കും അവർ എത്തിച്ചേരുകയും വേണം (Message for the XVIII World Day of the Sick, 22 November, 2009).

ദിവ്യകാരുണ്യം തിരുപ്പാഥേയമായി നല്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുമ്പോൾ ക്രിസ്തുവിന്റെ പെസഹാരഹസ്യത്തോടുള്ള അനുരൂപപ്പെടൽ പ്രത്യേക അർത്ഥം സ്വീകരിക്കുന്നു. ആ അനുരൂപപ്പെടൽ അരൂപിക്കടുത്ത കുർബാന സ്വീകരണം വഴിയും നടത്താവുന്നതാണ്. ജീവിതത്തിന്റെ ആ ഘട്ടത്തിൽ കർത്താവിന്റെ ഈ വാക്കുകൾക്കു പ്രത്യേകമായ അർത്ഥമുണ്ടാകുന്നു: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും" (യോഹ 6:54). ദിവ്യകാരുണ്യം പ്രത്യേകിച്ച് തിരുപ്പാഥേയമെന്ന രൂപത്തിലുള്ളത് – അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസിന്റെ നിർവചനപ്രകാരം – "അമർത്ത്യതയുടെ ഔഷധവും മരണത്തിനുള്ള മറുമരുന്നുമാണ്" (Letter to the Ephesians, 20: PG 5, 661). മരണത്തിൽനിന്നു ജീവനിലേക്ക്, ഈ ലോകത്തിൽനിന്ന് സ്വർഗീയജറുസലേമിൽ ഓരോ വ്യക്തിയെയും കാത്തിരിക്കുന്ന പിതാവിങ്കലേക്ക് കടന്നുപോകുന്നതിന്റെ കൂദാശയാണത്.

5. ഇരുപതാം ലോകരോഗീദിനസന്ദേശത്തിന്റെ ചിന്താവിഷയം "എഴു

ന്നേറ്റു പൊയ്ക്കൊള്ളുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എന്നതാണല്ലോ. അതിന് 2012 ഒക്ടോബർ 11–ന് തുടങ്ങാനിരിക്കുന്ന വിശ്വാസവർഷവുമായി ബന്ധപ്പെട്ടിരിക്കുന്നു. വിശ്വാസത്തിന്റെ ശക്തിയും സൗന്ദര്യവും വീണ്ടും കണ്ടെത്താനും അതിന്റെ ഉള്ളടക്കങ്ങൾ പരിശോധിക്കാനും അനുദിനജീവിതത്തിൽ അതിനു സാക്ഷ്യംവഹിക്കാനും അനുകൂലവും അമൂല്യവുമായ ഒരു സന്ദർഭമാണത് (cf. Apostolic Letter Porta Fidei, 11, October 2011). ദൈവവചനശ്രവണം, വ്യക്തിപരമായ പ്രാർത്ഥനകൾ, കൂദാശകൾ എന്നിവയാൽ പരിപോഷിപ്പിക്കപ്പെട്ട വിശ്വാസത്തിൽ അഭയം കണ്ടെത്താൻ രോഗികളെയും വേദനിക്കുന്നവരെയും പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രോഗികൾക്കായി കൂദാശകൾ പരികർമ്മം ചെയ്യുന്നതിന് കൂടുതൽ കൂടുതൽ തയ്യാറായിരിക്കാൻ അജപാലകരെ ഞാൻ ക്ഷണിക്കുന്നു. വൈദികർ നല്ല ഇടയന്റെ മാതൃക അനുകരിച്ചുകൊണ്ട് തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന അജഗണത്തിന്റെ മാർഗനിർദ്ദേശകരെന്ന നിലയിൽ സന്തോഷഭരിതരായിരിക്കണം. ഏറ്റവും ദുർബലരായവരെയും ലളിതഹൃദയരെയും പാപികളെയും ശ്രദ്ധിക്കുന്നവരായിരിക്കണം. പ്രത്യാശയ്ക്ക് ഉറപ്പു നല്കുന്ന വാക്കുകളുള്ളവരും ദൈവത്തിന്റെ അനന്തമായ കാരുണ്യം പ്രകാശിപ്പിക്കുന്നവരും ആയിരിക്കണം (cf. St. Augustine, Letter 95, 1: PL 33, 351-352).

ആരോഗ്യപാലനരംഗത്ത് ജോലി ചെയ്യുന്ന എല്ലാവരോടും യേശുക്രിസ്തുവിന്റെ സഹിക്കുന്ന മുഖം ബന്ധുക്കളിൽ കാണുന്ന കുടുംബങ്ങളോടും എനിക്കും സഭയ്ക്കുമുള്ള കൃതജ്ഞത ഞാൻ നവീകരിക്കുന്നു. കാരണം, അവരുടെ വിദഗ്ധസേവനത്തിലും നിശബ്ദതയിലും പലപ്പോഴും ക്രിസ്തു എന്ന പേര് സൂചിപ്പിക്കാതെ തന്നെ അവർ വസ്തുനിഷ്ഠമായ രീതിയിൽ അവിടത്തെ വെളിപ്പെടുത്തുന്നുണ്ട് (cf. മതപ്രഭാഷണം, ക്രിസ്സം മാസ്സ്, 21 ഏപ്രിൽ 2011).

കാരുണ്യത്തിന്റെ അമ്മയും രോഗികളുടെ ആരോഗ്യവുമായിരിക്കുന്ന കന്യകാമറിയത്തിലേക്ക് ഞാൻ കണ്ണുകൾ ഉയർത്തുന്നു. കുരിശിൽ മരിക്കുന്ന തന്റെ പുത്രന്റെ സമീപത്തു നില്ക്കുമ്പോൾ വെളിവാക്കിയ തന്റെ മാതൃസഹജമായ കാരുണ്യം രോഗികളോടൊപ്പമുണ്ടായിരിക്കട്ടെ; ആത്മാവിന്റെയും ശരീരത്തിന്റെയും മുറിവുകൾ സുഖപ്പെടുത്താനുള്ള അവരുടെ യാത്രയിൽ അവരുടെ വിശ്വാസത്തെയും പ്രത്യാശയെയും താങ്ങിനിറുത്തട്ടെ. എന്റെ പ്രാർത്ഥനകളിൽ നിങ്ങളെ ഓർമ്മിക്കാമെന്ന് ഞാൻ ഉറപ്പു പറയുന്നു. നിങ്ങൾക്ക് ഓരോരുത്തർക്കും പ്രത്യേകമായ അപ്പസ്തോലികാശീർവാദം നല്കുന്നു.

**വത്തിക്കാനിൽ നിന്ന്, 20 നവംബർ 2011,**
പ്രപഞ്ചരാജാവായ ക്രിസ്തുവിന്റെ തിരുനാൾദിവസം



# ആദരാഞ്ജലികൾ





## റവ. സി. ഗൽഗാനി CSC

ഇരിഞ്ഞാലക്കുട രൂപതയിലെ പൊറത്തിശേരി ഇടവകയിൽ കാട്ടലപ്പീടിക ഔസേപ്പ്–ത്രേസ്യ ദമ്പതികളുടെ മകളാണ് സിസ്റ്റർ ഗൽഗാനി. 1955 ഫെബ്രുവരി 11–ന് ജനിച്ചു. 1977–ൽ ഉപവി സന്യാസിനീ സമൂഹത്തിൽ പ്രവേശിച്ചു. 1978–ൽ ആദ്യവ്രതവാഗ്ദാനവും 1983 ൽ നിത്യവ്രതവാഗ്ദാനവും നടത്തി. മടത്തുംപടി മഠത്തിന്റെ സുപ്പീരിയർ ആയിരിക്കെ, ക്യാൻസർ രോഗബാധിതയായ സിസ്റ്റർ 2012 ജനുവരി 01–ാം തീയതി സ്വർഗസമ്മാനത്തിനായി വിളിക്കപ്പെട്ടു. സ്നേഹനിധിയായ ദൈവം ഈ സഹോദരിക്ക് നിത്യവിശ്രാന്തിയരുളട്ടെ.

---



## സി. മാവുറ CMC

ആളൂർ വാഴപ്പിള്ളി ഔസേപ്പ്–മറിയം ദമ്പതികളുടെ പുത്രിയായി 1916 ഒക്ടോബർ 12–ന് ജനിച്ചു. 1951 മെയ് 5–ാം തിയ്യതി ആദ്യവ്രതവും, 1956 മെയ് 14–ാം തിയ്യതി നിത്യവ്രതവും 2001–ൽ തന്റെ സന്യാസ ജീവിതത്തിന്റെ സുവർണ്ണ ജൂബിലിയും ആഘോഷിച്ചു. ഉദയ പ്രൊവിൻസിലെ അംഗമായ സി. മാവുറ 2012 ജനുവരി 6–ാം തിയ്യതി മരണമടഞ്ഞു. ബഹു. സിസ്റ്ററിന് ദൈവം നിത്യശാന്തി അരുളട്ടെ.

---



## സി. മരിയ റാഫി CMC

സേവിയൂർ (കൊമ്പത്തുകടവ്) പട്ടേരി തറവാട്ടിൽ റാഫേൽ–ഫിലോമിന ദമ്പതികളുടെ രണ്ടാമത്തെ പുത്രിയായി 1936 ഏപ്രിൽ 22–ാം തിയ്യതി ഭൂജാതയായി. 1962 മെയ് 20–ാം തിയ്യതി ആദ്യവ്രതവും, 1966 ഏപ്രിൽ 28–ാം തിയ്യതി നിത്യവ്രതവും അനുഷ്ഠിച്ചു. ഉദയ പ്രൊവിൻസിലെ ലിറ്റിൽ ഫ്ളവർ മഠാംഗമായിരുന്ന സി. മരിയ റാഫി തന്റെ സന്യാസസമർപ്പണത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽത്തന്നെ 2011 ഡിസംബർ 15–ാം തിയ്യതി സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ബഹു. മരിയ റാഫി സിസ്റ്ററിന് ദൈവം നിത്യശാന്തി അരുളട്ടെ.

# മതബോധനം

1. **വാർഷിക പരീക്ഷ :** X, XI, XII ക്ലാസ്സുകളിലെ വാർഷികപരീക്ഷ ഫെബ്രുവരി 5 ഞായർ 2-4 pm വരെ. VI, VII, VIII, IX ഫെബ്രുവരി 12 ഞായർ 2-4 pm വരെ. I, II, III, IV, V ഫെബ്രുവരി 19 ഞായർ 2-4 pm വരെ.

2. **പ്രധാനാദ്ധ്യാപക സമ്മേളനം :** ഫെബ്രുവരി 4 ശനിയാഴ്ച 10 am മുതൽ 2 pm വരെ.

   N.B. എല്ലാ വാർഷിക പരീക്ഷാ ചോദ്യപേപ്പറുകൾ അന്നേദിനം മതബോധനകേന്ദ്രത്തിൽനിന്നും കൊണ്ടുപോകാവുന്നതാണ്. നിശ്ചിത തിയ്യതിയിലും സമയത്തുംതന്നെ എല്ലാ യൂണിറ്റുകളിലും പരീക്ഷ നടത്തേണ്ടതാണ്.

3 **X, XII വാർഷിക പരീക്ഷ നിർദ്ദേശങ്ങൾ :** X, XII ക്ലാസ്സുകളിലെ പരീക്ഷയുടെ മേൽനോട്ടം വഹിക്കുന്നതിന് അദ്ധ്യാപകരെ നിശ്ചയിച്ചിട്ടുള്ള നിയമനപത്രം പള്ളികളിലേക്ക് നൽകിയിട്ടുണ്ട്. പരീക്ഷദിനത്തിൽ നിയോഗിക്കപ്പെട്ട സ്ഥലത്തേയ്ക്ക് അവരെ അയക്കണമെന്ന് താല്പര്യപ്പെടുന്നു. പരീക്ഷ കഴിഞ്ഞാലുടൻ രൂപതാമതബോധനകേന്ദ്രത്തിൽ ഉത്തരക്കടലാസുകളും രജിസ്ട്രേഷൻ ഷീറ്റും ബാഗിനോടൊപ്പം തിരിച്ചു ഏല്പിക്കേണ്ടതാണ്. ഉത്തരക്കടലാസിന്റെ ഫ്രണ്ട് ഷീറ്റിൽ മാത്രമെ രജിസ്ട്രേഷൻ നമ്പർ എഴുതേണ്ടതുള്ളൂ. മറ്റു പേജുകളിൽ പള്ളിയുടെ സീലോ, രജിസ്ട്രേഷൻ നമ്പറോ എഴുതരുത്.

4 **കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് :** X, XII ക്ലാസ്സുകളിലെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിന്റെ പ്രഥമഘട്ടം ഫെബ്രുവരി 20–ാം തിയ്യതി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ആനിമേറ്റേഴ്സ് ടീം അംഗങ്ങൾക്കു പുറമെ X, XII ക്ലാസ്സുകളിലെ അദ്ധ്യാപകരെയും കഴിവും അറിവും സമ്മതവുമുള്ള മറ്റു അദ്ധ്യാപകരെയും പ്രതീക്ഷിക്കുന്നു. ഓരോ യൂണിറ്റിൽനിന്നും വരുന്ന അദ്ധ്യാപകരുടെ എണ്ണം വികാരിയച്ചനുമായി ആലോചിച്ച് ഫെബ്രുവരി 4–ന് അദ്ധ്യാപക സമ്മേളനത്തിന് വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

5. **മതാദ്ധ്യാപക പരീക്ഷ** : ഫെബ്രുവരി 26 ഞായറാഴ്ച 11 am മുതൽ 12.30 pm വരെ. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്. 80%ത്തിൽ കൂടുതൽ മാർക്ക് നേടുന്നവർക്ക് വിദ്യാജ്യോതിയിൽവച്ച് മത്സരപരീക്ഷ നടത്തുന്നതായിരിക്കും. അതാത് യൂണിറ്റുകളിൽനിന്ന് അർഹരായവരുടെ എണ്ണം മതബോധനകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

6 **സ്കോളർഷിപ്പ് :** സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 16-ാം തിയ്യതി തിങ്കളാഴ്ച ഇരിങ്ങാലക്കുട, ചാലക്കുടി, മാള മേഖലകളിൽവെച്ച് നട ത്തുന്നു. സൺഡേസ്കൂൾ മതബോധനം IV VII,X ക്ലാസ്സുകാ ർക്കും, വചനം എന്റെ ജീവൻ V, VI, VIII, IX ക്ലാസ്സുകാർക്കും ആയിരിക്കും സ്കോളർഷിപ്പ് പരീക്ഷ. ഓരോ യൂണിറ്റിൽനിന്ന് 60%ത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവരിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് കുട്ടികൾക്കും 'വചനം എന്റെ ജീവൻ' ഏറ്റവും നന്നായി ചെയ്ത മൂന്ന് കുട്ടികൾക്ക് വീതമാണ് പരീക്ഷയിൽ പങ്കെടുക്കാൻ യോഗ്യതയുള്ളത് സ്കോളർഷിപ്പ് പരീക്ഷയുടെ രജിസ്ട്രേഷൻ മാർച്ച് 1-ാം തീയതി മുതൽ 15-ാം തീയതി വരെയായിരിക്കും.

7 **ഗ്രെയ്സ് ഫെസ്റ്റ് 2012 :** അവധിക്കാലത്ത് വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്ന ഗ്രെയ്സ്ഫെസ്റ്റ് ഈസ്റ്റർ കഴിഞ്ഞു വരുന്ന 10-ാം തീയതി മുതൽ 14-ാം തീയതി വരെയോ, 16-ാം തീയതി മുതൽ 20-ാം തീയതി വരെയും നടത്താവുന്നതാണ്. മതബോധന വിദ്യാർത്ഥികളെ 4 സെക്ഷൻ ആയി തിരിച്ചാണ് ഗ്രെയ്സ് ഫെസ്റ്റ് നടത്തുന്നത്. ഓരോ വിഭാഗത്തിനും ആവശ്യമായ വർക്ക്ബുക്കും, അദ്ധ്യാപകർക്കുള്ള ഹാൻഡ് ബുക്കും നേരത്തെ ബുക്കു ചെയ്യുന്നവർക്കു മാത്രമേ ലഭിക്കുകയുള്ളൂ. വിശദവി വരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## DAILY CATECHISM & MORAL SCIENCE

1 **സ്കൂൾ മതസന്മാർഗ്ഗബോധന സ്കോളർഷിപ്പ് പരീക്ഷ**

Std IV, VII, X, XII ക്ലാസ്സുകളിലെ സ്കോളർഷിപ്പ് രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തിയ്യതി മാർച്ച് 12 ശനിയാഴ്ച വരെയായിരിക്കും.
വാർഷികപരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച 3 കുട്ടികൾ ക്കേ അർഹതയുള്ളൂ. സ്കോളർഷിപ്പ് ഫോം 2 കോപ്പി വീതം ഇംഗ്ലീഷ് Capital Letter-ൽ പൂരിപ്പിച്ച് മതബോധന കേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്.
പരീക്ഷ ഏപ്രിൽ 18 ബുധൻ. സമയം 9.30 am-11.30 am

**ഫാ. ജോർജ്ജ് വേഴപറമ്പിൽ,** ഡയറക്ടർ

## ജീസസ് യൂത്ത്

**Angels 2012 : Children's Fest with Jesus**

9, 10, 11, ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് താമസിച്ചുള്ള ധ്യാനം ഏപ്രിൽ 25 മുതൽ 29 വരെ.

ഫോൺ : 9746904121, 9020424290

# ബ്ലസ് എ ഹോം
# ഒരു വീടിനെ അനുഗ്രഹിക്കൂ

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽ 130 ഇടവകകളിൽനിന്ന് തെരഞ്ഞെടുത്ത 700 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ 80,27,000 രൂപ നൽകിയിട്ടുണ്ട്.

**ബ്ലസ് എ ഹോം ചെന്നൈ മിഷനിലേയ്ക്ക്**

ഡിസംബർ 18ന് ചെന്നൈ മിഷനിൽ നടന്ന ക്രിസ്തുമസ് ആഘോഷവേളയിൽ അർഹതപ്പെട്ട 50 കുടുംബങ്ങൾക്ക് രൂപത ബ്ലസ് എ ഹേം പദ്ധതിയിൽനന്ന് സഹായവാഗ്ദാനപത്രിക നൽകുകയുണ്ടായി. ബ്ലസ് എ ഹോം മാനേജിംഗ് ട്രസ്റ്റി ഫാ. വർഗ്ഗീസ് അരിക്കാട്ട് വാഗ്ദാന പത്രിക വായിച്ച് രൂപതയുടെ പ്രഥമ മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന് നൽകുകയും പിതാവ് ചെന്നൈയിലെ ബ്ലസ് എ ഹോം ഡയറക്ടറായ ഫാ. ജീസ് പാക്രത്തിന് കൈമാറുകയും ചെയ്തു.

ഈ വർഷം നാം നടത്തുന്ന 100 രൂപയുടെ സ്പോൺസർ പദ്ധതിയിലേക്ക് ഇടവകകളും സ്ഥാപനങ്ങളും കോളേജുകളും സ്ക്കൂളുകളും സാധിക്കുന്ന രീതിയിൽ സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. ഇനിയും ഒത്തിരി പേരുടെ നല്ല മനസ്സുണ്ടെങ്കിൽ കൂടുതൽ കുടുംബങ്ങളെ സഹായിക്കാൻ സാധിക്കും.

**സംഭാവന നല്കിയവർ**

| | | |
|---|---|---|
| 1 | Mr. Varghese Kalathingal, Kanakamala | 12,000 |
| 2 | Rev. Sr. Superior & Community, St. Joseph Convent, Pazhookara | 60,000 |
| 3 | Rev. Fr. George Mangalan | 48,000 |
| 4 | Mr. V.S. Johnson Vellaniparambil, IJK | 60,000 |
| 5 | Director & Members of Catholic Movement | 12,000 |
| 6 | Edakulam Church Sponsor Coupon C/o. Paulson U.J. | 5,000 |
| 7 | Prof. J. Sebastian Kulathinal | 10,000 |
| 8 | The Director & Staff, St. James Hospital, Chalakudy | 10,000 |
| 9 | Mr. Thomas C.J.Cheradayi, Kottanellur | 4,000 |
| 10 | Palathingal Poulose Jose, Kattoor | 5,000 |
| 11 | Mr. K.K. George Karathrakaran, IJK | 20,000 |
| 12 | Vicar & Parishioners, Little flower Church Kumbidi | 50,000 |
| 13 | Administrator & Staff S.H. Hospital, Pullur | 5,000 |
| 14 | Rev. Sr. Provincial, De Paul Provincialate, Potta | 5,000 |

| | | |
|---|---|---|
| 15 | The Director & Families of Thaliyath Lonappan Charities | 1,00,000 |
| 16 | Don Bosco Sunday Catechism, IJK | 7,000 |
| 17 | Vicar & Parishioners, O. L. of Carmel Forane Church Edathiruthy | 35,000 |
| 18 | Vicar & Parishioners, Christ King Church, Edamuttam | 5250 |
| 19 | Panthallookkaran Lonappan & Sons, Kodakara | 10,000 |
| 20 | Kodakara Church Sponsor Coupon C/o. Tony P.L. | 5,000 |
| 21 | Karippai Ouseph Davis, Kuttikad | 12,000 |
| 22 | Vicar & Parishioners, St. Paul’s Church, Aroormuzhi | 10,000 |
| 23 | Kaduppissery Church Sponsor Coupon C/o. Jose Karukuttikaran | 10,000 |
| 24 | Kuthokathan Ouseph Johnson Parappukara | 6,000 |
| 25 | Peter Antony, Kombarakaran, Kattoor Sponsor Coupon | 60,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട്**
മാനേജിംഗ് ട്രസ്റ്റി

## ഫെബ്രുവരി മാസത്തിൽ ജന്മദിനം ആഘോഷിക്കുന്ന വൈദികർ

**Birth Days**

February 1
Rev. Fr. Feby Pulickan
February 2
Rev. Fr. Davis (Riju) Pynadath
Rev. Fr. Thomas Velakkanadan
February 4
Rev. Fr. James Kavalakatt
Rev. Fr. Binoy Thomas Nereparambil
February 5
Rev. Fr. Benjamin Chirayath
V. Rev. Fr. Jos Kavunkal
February 8
Rev. Fr. Manoj Karippai
February 9
Rev. Fr. John Kavalakatt (Jr.)
Rev. Fr. Joy Tharackal

February 13
Rev. Fr. Ajith Cheriakara
February 15
Rev. Fr. Rinto Kodiyan
February 18
Rev. Fr. Jose Maniparambil
February 19
Rev. Fr. Nixon Chakkorya
February 21
Rev. Fr. Sebastian Vazhappilly
February 24
Rev. Fr. Joseph V. Chittilappilly
February 26
Rev. Fr. John Thekkekara Melepuram
February 27
Rev. Fr. Sinto Chittilappilly
Rev. Fr. Anto Chungath

## സഭാവാർത്തകൾ

**1 വിശ്വാസവർഷം (2012–13)**

2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെയാണ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ വിശ്വാസവർഷമായി പ്രഖ്യാപിച്ചിരിക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ സുവർണ്ണജൂബിലി ദിനമാണ് 2012 ഒക്ടോബർ 11.

**2 മാർ ജോർജ്ജ് ആലഞ്ചേരി – കർദ്ദിനാൾ പദവിയിലേയ്ക്ക്**

സീറോമലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ആലഞ്ചേരി കർദ്ദിനാൾ പദവിയിലേയ്ക്ക് ഉയർത്തപ്പെടുന്നത് അംഗീകാരവും അഭിമാനവുമായി ന്യായമായും പരിഗണിക്കുന്നു. ജനുവരി 6–ാം തീയതി മാർപാപ്പ പ്രഖ്യാപിച്ച 22 പേർ വിവിധ ഭൂഖണ്ഡങ്ങളിലും രാജ്യങ്ങളിലും നിന്നുള്ളവരാണ്. നവീകരിച്ച പ്രാർത്ഥനാക്രമം ഉപയോഗിച്ചാണ് ഫെബ്രുവരി 18–ന് ഇവരെ കർദ്ദിനാളന്മാരായി വാഴിക്കുക. സീറോമലബാർ സഭയുടെ നാലാമത്തെയും ഭാരതകത്തോലിക്കാസഭയിലെ 11–ാമത്തെയും കർദ്ദിനാളായിട്ടാണ് മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി ഉയർത്തപ്പെടുന്നത്.

**3 പ്രേഷിതവർഷസമാപനം, അല്മായശാക്തീകരണം**

ജനുവരി 9 മുതൽ 13 വരെയായിരുന്നു, സീറോമലബാർ സഭാസിനഡ് സമ്മേളിച്ചത്. മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരിയുടെ അദ്ധ്യക്ഷതയിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കൂടിയ സിനഡിൽ 43 മെത്രാന്മാർ സംബന്ധിച്ചു. ഒരാഴ്ച നീണ്ടുനിന്ന സിനഡിൽ പ്രധാനമായും ചർച്ച ചെയ്തത് അല്മായശാക്തീകരണം, സെമിനാരി പരിശീലനം, പ്രേഷിതവർഷസമാപനം, വത്തിക്കാൻ കൗൺസലിന്റെ സുവർണ്ണജൂബിലിയാഘോഷം എന്നിവയായിരുന്നു. 2012 ആഗസ്റ്റിൽ എല്ലാ മെത്രാന്മാരും ചേർന്ന് മാന്നാനത്ത് വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ കബറിട ദേവാലയത്തിൽ വി. കുർബാനയർപ്പിക്കും. നവംബറിൽ ഡൽഹിയിലാണ് പ്രേഷിതവർഷാചരണ പരിപാടികൾ സമാപിക്കുക.

**4 ക്രൈസ്തവ കുടുംബത്തെ സംരക്ഷിക്കണം**

കുടുംബജീവിതത്തെയും മനുഷ്യജീവിതത്തെയും നശിപ്പിക്കാൻ വെമ്പൽ കൊള്ളുന്ന ഒരു സമൂഹത്തിൽ, ക്രൈസ്തവകുടുംബങ്ങളെ സഹായിക്കാനും സംരക്ഷിക്കാനും പരിശ്രമിക്കണമെന്ന് യൂറോപ്യൻ മെത്രാന്മാർ ആഹ്വാനം ചെയ്തു. വിവാഹത്തിന് സ്ഥിരത നൽകാൻ ക്രിസ്തുവിലുള്ള വിശ്വാസത്തെ ശക്തിപ്പെടുത്തണമെന്ന് അവർ ആവശ്യപ്പെട്ടു. അനുദിനജീവിതത്തിന്റെ ബുദ്ധിമുട്ടുകൾക്കിടയിലും

ജീവനോട് തുറവിയുള്ള കുടുംബങ്ങളിലാണ് ലോകത്തിന്റെ പ്രത്യാശയെന്ന് മാഡ്രിഡിൽ നടന്ന ആഗോളകുടുംബസംഗമത്തിൽ വിയന്ന ആർച്ചുബിഷപ്പ് കാർഡിനൽ ഷോൺബോൺപ്രസ്താവിച്ചു.

5 **2012–ൽ മാർപാപ്പ അയർലണ്ടിലേക്ക്**
2012 ജൂണിൽ അയർലണ്ടിൽ നടക്കുന്ന അമ്പതാമത് അന്തർദ്ദേശീയ ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കാനുള്ള സാധ്യത വർദ്ധിച്ചിരിക്കുന്നു. നാലു വർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന പ്രസ്തുത ദിവ്യകാരുണ്യകോൺഗ്രസിൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. സീറോമലബാർ സഭയിൽനിന്ന് പ്രതിനിധികളെ അയയ്ക്കാൻ സഭാതലത്തിൽ ഏർപ്പാടുകൾ ചെയ്യുന്നുണ്ട്.

6 **കെ.സി.ബി.സി. അവാർഡു ജേതാക്കൾ**
കെ.സി.ബി.സി.യുടെ മാധ്യമ കമ്മീഷന്റെ 2011–ലെ അവാർഡുകൾ പ്രഖ്യാപിച്ചു. ഫ്രാൻസിസ് ടി. മാവേലിക്കരയാണ് സാഹിത്യ അവാർഡിന് അർഹനായത്. മാധ്യമ അവാർഡ് ജോണി ലൂക്കോസിനും ദാർശനിക വൈജ്ഞാനിക അവാർഡ് റവ. ഡോ. മൈക്കിൾ കാരിമറ്റത്തിനും യുവപ്രതിഭ അവാർഡ് അൽഫോൻസ് ജോസഫിനും ലഭിച്ചു. പത്മശ്രീ. ഷെവ. ഡോ. ടോണി ഫെർണാണ്ടസ്, ടോം ജോസ് അങ്കമാലി, തോപ്പിൽ ആന്റോ എന്നിവർക്ക് ഗുരുപൂജ പുരസ്കാരങ്ങൾ നൽകും. മാധ്യമകമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. ജോസഫ് കരിയിലിന്റെ നേതൃത്വത്തിലുള്ള സമിതിയാണ് അവാർഡുനിർണ്ണയം നടത്തി പ്രഖ്യാപിച്ചത്.

7 **വടവാതൂർ സെമിനാരിയുടെ സുവർണ്ണജൂബിലി**
സീറോമലബാർ സഭയുടെ വൈദികപരിശീലനത്തിനുവേണ്ടി 1962–ൽ റോമിലെ പൗരസ്ത്യ സംഘത്തിന്റെ പ്രചോദനത്താൽ സ്ഥാപിതമായ വടവാതൂർ സെന്റ് തോമാസ് അപ്പസ്തോലിക് സെമിനാരിയുടെ സുവർണ്ണ ജൂബിലിയാഘോഷം മൂന്നു വർഷത്തെ സമയബന്ധിതമായ വിവിധ പരിപാടികളോടെ സമുചിതമായി നടന്നു.

**റവ. ഡോ. ആന്റണി മഞ്ഞളി**

## പാക്സ്

1 **പ്രീ – കാന :** ജനുവരി 30, 31, ഫെബ്രുവരി 1,
6, 7, 8; 13, 14, 15

പ്രത്യേക ശ്രദ്ധയ്ക്ക് : ഫെബ്രുവരി 27, 28, 29; മാർച്ച് 5, 6, 7 ഈ തിയ്യതികളിൽ പ്രീകാന ഉണ്ടായിരിക്കുന്നതല്ല. 2012 ജനുവരി മുതൽ രജി. ഫീസ് 600 രൂപ.

**ഫാ. പോളി പടയാട്ടി,** ഡയറക്ടർ

# സംഘടനാവാർത്തകൾ

## സോഷ്യൽ ആക്ഷൻ

1. ജനുവരി 28-ന് 12-ാം പഞ്ചവത്സര പദ്ധതി സിംബോസിയം രാവിലെ 10 മുതൽ 3.30 വരെ സോഷ്യൽഫോറം ഓഡിറ്റോറിയത്തിൽവച്ച് മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്യുന്നു. ഇരിങ്ങാലക്കുട സ്ഥലം MLA Adv. തോമസ് ഉണ്ണിയാടൻ മുഖ്യാതിഥി ആയരിക്കും.
2. ലോക ക്യാൻസർ ദിനമായി ഫെബ്രുവരി 4-ന് ചെമ്മ പാരിഷ് ഹാളിൽവച്ച് രാവിലെ 10 മുതൽ 12 വരെ അമല മെഡിക്കൽ സെന്റർ തൃശൂരിലെ വിദഗ്ദർ നയിക്കുന്ന ആരോഗ്യ ബോധവൽക്കരണ സെമിനാർ.
3. ഫെബ്രുവരി 6 മുതൽ 11 വരെ തീരദേശ വികസന പദ്ധതിപ്രകാരം വലപ്പാട് ഭാരത് ആർട്സ് ക്ലബ്ബിൽവച്ച് വനിതാപ്രവർത്തക ഗ്രൂപ്പിൽപ്പെട്ടവർക്ക് ടൈലറിംഗിൽ EDP ട്രെയിനിംഗ്.
4. ഫെബ്രുവരി 9-ന് സോഷ്യൽഫോറം ഓഡിറ്റോറിയത്തിൽവച്ച് Save A Family Plan Franciscan Family Apostolate പദ്ധതിയിൽപ്പെട്ട 50 ഗുണഭോക്താക്കൾക്ക് സംരംഭകത്വ പരിശീലനപരിപാടി.
5. ഫെബ്രുവരി 11-ന് SAFI ഓഡിറ്റോറിയത്തിൽവച്ച് Civil Service Orientation Class സ്കൂൾ വിദ്യാർത്ഥികൾക്കായി.
6. ഫെബ്രുവരി 18 രാവിലെ 10-ന് ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് UMMI പദ്ധതിപ്രകാരം സഹായധന വിതരണം SAFI ഓഡിറ്റോറിയത്തിൽവച്ച്
7. ഫെബ്രുവരി 25-ന് രാവിലെ 9.30 മുതൽ 4 വരെ ചാലക്കുടി ഫൊറോന പാരിഷ്ഹാളിൽവച്ച് Save A Family Plan Franciscanലെ 260 കുടുംബങ്ങളിൽനിന്നുള്ള 825 പേർ പങ്കെടുക്കുന്ന വാർഷിക സമ്മേളനം.
8. ഫെബ്രുവരി 14നും 23നും 50 ഗ്രാമശ്രീ സ്വാശ്രയാംഗങ്ങൾക്ക് രാവിലെ 10-ന് SAFI ഓഡിറ്റോറിയത്തിൽവച്ച് വായ്പാ വിതരണമേള.

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ**
ഡയറക്ടർ

## ചെന്നൈ മിഷൻ

**മാസധ്യാനം :** ബഹുമാനപ്പെട്ട വൈദികരുടെ മാസധ്യാനം 2012 ജനുവരി 11-ാം തിയ്യതി കോടമ്പാക്കം വി. അൽഫോൺസാ ഇടവകയിലും, ബഹു. സിസ്റ്റേഴ്സിന്റെ മാസധ്യാനം 2012 ജനുവരി 4-ാം തിയ്യതി പെരമ്പൂർ സെന്റ് ജോസഫ്സ് ഇടവകയിലും വെച്ച് നടത്തി.

**ഇടയസന്ദർശനം :** ജനുവരി 29-ാം തിയ്യതി അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് സെന്റ് അൽഫോൺസ ചർച്ച് കോടമ്പാക്കത്തും, സെന്റ് അൽഫോൺസാ ചർച്ച് പൊഴിച്ചെല്ലൂരിലും ഇടയസന്ദർശനം നടത്തി.

**തിരുനാൾ :** പട്ടാഭിരാം ഇൻഫന്റ് ജീസസ് യൂണിറ്റിന്റെ മദ്ധ്യസ്ഥനായ ഉണ്ണീശോയുടെയും വി. സെബസ്ത്യാനോസിന്റെയും തിരുനാൾ സംയുക്തമായി ഫെബ്രുവരി 12-ാം തിയ്യതി ആഘോഷിക്കുന്നു.

**സ്വാഗതം :** കീൽക്കട്ട്ളൈ സേക്രഡ്ഹാർട്ട് ഇടവകയിലേക്ക് നിയമിതനായ ബഹു. സിന്റോ ആലപ്പാട്ടച്ചന് ജനുവരി 28-ാം തിയ്യതി ചെന്നൈ മിഷനും കീൽക്കട്ട്ളൈ ഇടവകയും സ്വാഗതമേകി.

**മിഷൻ അപ്പീൽ :** മിഷൻ അപ്പീൽവഴിയായി ചെന്നൈ മിഷനെ സഹായിച്ച എല്ലാ ഇടവകകൾക്കും, ഇടവകാംഗങ്ങൾക്കും, വികാരിയച്ചന്മാർ ക്കും നന്ദിയും പ്രാർത്ഥനാശംസകളും...

**സഹായിച്ച പള്ളികൾ**

| | | | |
|---|---|---|---|
| പുളിങ്കര | 78000 | കൊടുങ്ങ | 69320 |
| മടത്തുംപടി | 55000 | നന്തിക്കര | 55110 |
| കൊടകര | 297980 | | |

**മോൺ. ജോസ് പാലാട്ടി**
ചെന്നൈമിഷൻ കോ-ഓർഡിനേറ്റർ

## സ്മരണാഞ്ജലി



| | |
|---|---|
| റവ. ഫാ. ജോൺ ചിറയത്ത് | 17-2-1982 |
| റവ. ഫാ. പിയൂസ് തെക്കേക്കര | 04-2-1987 |
| റവ. ഫാ. ജേക്കബ് പുതുശ്ശേരി | 13-2-1994 |
| റവ. ഫാ. ആന്റണി ആലപ്പാട്ട് (Sr.) | 15-2-1994 |

## ബി. എൽ. എം. ധ്യാനകേന്ദ്രം

ആളൂർ ബി.എൽ.എം ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകൾ

* **നിത്യാരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും**
  എല്ലാ ദിവസവും രാവിലെ 10 മുതൽ വൈകീട്ട് 4 മണിവരെ. വെള്ളി, ശനി ദിവസങ്ങളിൽ 10 മണി മുതൽ വി. കുർബാന ഉണ്ടായിരിക്കും.
* **ഏകദിന കൺവെൻഷൻ**
  വ്യാഴാഴ്ചകളിൽ രാവിലെ 9.30 മുതൽ 3 മണി വരെ വി. കുർബാന, വചന പ്രഘോഷണം, ആരാധനാപ്രദക്ഷിണം.
* **ജാഗരണ പ്രാർത്ഥന**
  മാസത്തിലെ രണ്ടാമത്തെ ചൊവ്വാഴ്ച വൈകീട്ട് 6 മുതൽ രാവിലെ 6 വരെ.
* **വിധവകളുടെ ഏകദിന ധ്യാനം**
  മാസത്തിലെ രണ്ടാം തിങ്കളാഴ്ച രാവിലെ 10 മണി മുതൽ വൈകീട്ട് 3 മണി വരെ
* **ഏകസ്ഥരുടെ ഏകദിനധ്യാനം**
  മാസത്തിലെ മൂന്നാമത്തെ തിങ്കളാഴ്ച രാവിലെ 10 മണി മുതൽ വൈകീട്ട് 3 മണി വരെ
* **ദമ്പതീകൂട്ടായ്മ**
  മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച 1.30 മുതൽ വൈകീട്ട് 4.30 മണി വരെ
* **മക്കളില്ലാത്ത ദമ്പതീ കൂട്ടായ്മ**
  മാസത്തിലെ നാലാമത്തെ ഞായറാഴ്ച 1.30 മുതൽ 4.30 വരെ
* **താമസിച്ചുള്ള ധ്യാനം വ്യാഴാഴ്ചകളിൽ**
  4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച 3 മണിക്ക് സമാപിക്കുന്നു.
* **താമസിച്ചുള്ള ധ്യാനം ഫെബ്രുവരി മാസം**
  2, 3, 4, 5 പരിശുദ്ധാത്മാഭിഷേകധ്യാനം
  9, 10, 11, 12 യുവജനധ്യാനം
  16, 17, 18, 19 ആന്തരിക സൗഖ്യധ്യാനം
  23, 24, 25, 26 ആന്തരിക സൗഖ്യധ്യാനം
  27 തിങ്കൾ 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് പരീക്ഷ ഒരുക്കധ്യാനം

**ഫാ. ജോയ് തറക്കൽ**
ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

1 ക്രിസ്മസ് അവധി കഴിഞ്ഞ് ജനുവരി 1–ാം തിയ്യതി സെമിനാരി വിദ്യാർത്ഥികൾ തിരിച്ചെത്തി.
2 ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിലെ ദനഹാത്തിരുന്നാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.
3 മാസധ്യാനം നയിച്ചത് ബഹു. തോമസ് കണ്ണംമ്പിള്ളിയച്ചനാണ്.
4 നവവൈദികർക്ക് സ്വീകരണം നൽകി; സമൂഹബലിയർപ്പിച്ചു.
5 പാറേക്കാട്ടുകര സെന്റ് മേരീസ് പള്ളിയിലെ യുവജനങ്ങളും മൈനർ സെമിനാരി വിദ്യാർത്ഥികളും തമ്മിൽ വോളിബോൾ സൗഹൃദ മത്സരം ഉണ്ടായിരുന്നു. സെമിനാരി ടീം വിജയിച്ചു.
6 ഇരിങ്ങാലക്കുട എസ്.എൻ. ഹയർ സെക്കന്ററി സ്കൂൾ വാർഷികത്തിലും അദ്ധ്യാപകരക്ഷാകർത്തൃദിനാചരണത്തിലും പങ്കെടുത്തു.
7 ഇരിങ്ങാലക്കുട സെന്റ് മേരീസ് ഹയർ സെക്കന്ററി സ്ക്കൂൾ വാർഷി കത്തിലും അദ്ധ്യാപകരക്ഷാകർത്തൃദിനാചരണത്തിലും പങ്കെടുത്തു.

**സാമ്പത്തികസഹായം നൽകിയവർ**

1 ശ്രീമതി ലിൻസി ജോൺ വടക്കേപീടിക, ആളൂർ
2 ശ്രീമതി അന്നക്കുട്ടി ജേക്കബ്, നങ്ങിണി, നോർത്ത് ചാലക്കുടി
3 ശ്രീ. ഐ. എഫ്. പോൾ ആലപ്പാടട്, കരാഞ്ചിറ
4 ശ്രീ. പോൾ സെബാസ്റ്റ്യൻ കവലക്കാട്ട്, മഹാരാഷ്ട്ര
5 ശ്രീ. ബാബു ആലുക്ക, വെസ്റ്റ് ചാലക്കുടി
6 ശ്രീ.ദേവസി കിഴക്കിനേടത്ത്, പാറക്കടവ്
7 ശ്രീ. മേരി കുഞ്ഞുവറീത്, ചേറ്റുപുഴക്കാരൻ, പാറക്കടവ്
8 ശ്രീമതി ലിസി കുഞ്ഞുവറീത്, ചേറ്റുപുഴക്കാരൻ, പാറക്കടവ്
9 ശ്രീ. ടി.ജെ. തോമസ് തോട്ടാപ്പിള്ളി, കാരൂർ

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ,** റെക്ടർ

## കരിസ്മാറ്റിക് മൂവ്മെന്റ്

**മദ്ധ്യസ്ഥ പ്രാർത്ഥനാദിനം**

ഇരിങ്ങാലക്കുട രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 6 തിങ്കളാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 3 വരെ മദ്ധ്യസ്ഥ പ്രാർത്ഥനാദിനമാചരിക്കുന്നു. ഇടവക പ്രാർത്ഥനാഗ്രൂപ്പംഗങ്ങൾ പങ്കെടുക്കണേ.

**ഫാ. ജോയ് തറയ്ക്കൽ**
ഡയറക്ടർ

## ശമ്മാശന്മാരുടെ അവധിക്കാല സേവനം

**1 ഗ്രെയ്സ് ഫെസ്റ്റ്**

ഈസ്റ്റർ കഴിഞ്ഞ് വരുന്ന ഏപ്രൽ 10-ാം തിയ്യതി മുതൽ 14-ാം തിയ്യതി വരെയോ, 16-ാം തിയ്യതി മുതൽ 20-ാം തിയ്യതി വരെയോ ഗ്രെയ്സ് ഫെസ്റ്റ് നടത്താമെന്ന് മതബോധനകേന്ദ്രം അറിയിച്ചിട്ടുണ്ടല്ലോ. ബഹു. ശമ്മാശന്മാർ സ്വന്തം ഇടവകയിലെ സേവനം കഴിഞ്ഞതിനുശേഷം സാധ്യതയനുസരിച്ച് മറ്റു ഇടവകകളിലേയ്ക്ക് സേവനം ലഭ്യമാക്കാവുന്നതാണ്. ആയതിന് താല്പര്യമുള്ളവർ മൈനർ സെമിനാരി റെക്ടറെയോ വൈസ് റെക്ടറെയോ കഴിവതും വേഗം അറിയിക്കണം.

**2 യൂത്ത് ക്യാമ്പ്**

ഇടവക തലത്തിൽ മെയ് 7 മുതൽ 11 വരെ യൂത്ത് ക്യാമ്പ് നടത്താൻ ബഹു. ബ്രദേഴ്സ് സന്നദ്ധരാണ്. രൂപതയിൽ യുവജനവർഷാചരണത്തോടനുബന്ധിച്ച് യുവജനങ്ങളെ ശാക്തീകരിക്കാൻ സുവർണ്ണാവസരം താല്പര്യമുള്ള ഇടവകകൾ കഴിവതും വേഗം മൈനർ സെമിനാരിയുമായി ബന്ധപ്പെടാൻ താല്പര്യപ്പെടുന്നു.

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ

---

## ജീവിതമാർഗ്ഗദർശന ക്യാമ്പ്

ഇരിങ്ങാലക്കുട രൂപതാതലത്തിലുള്ള ജീവിതമാർഗ്ഗദർശന ക്യാമ്പിൽ 10, 11, 12 ക്ലാസ്സുകളിൽ പരീക്ഷ എഴുതുന്ന എല്ലാ ആൺകുട്ടികളും പെൺകുട്ടികളും പങ്കെടുക്കണം. ദൈവവിളി സ്വീകരിച്ച് രൂപതാതിർത്തിയിലോ, രൂപതയ്ക്കു പുറമെയോ സെമിനാരിയിലും സന്യാസ സമൂഹങ്ങളിലെ പരിശീലനകേന്ദ്രങ്ങളിലും പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർ രൂപത സംഘടിപ്പിക്കുന്ന മാർഗ്ഗദർശന ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കണം.

**ആൺകുട്ടികളുടെ ക്യാമ്പ്**

സ്ഥലം : ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരി.

തിയ്യതി : 2012 മാർച്ച് 27–9.30 am, 29 – 4.30 pm

**പെൺകുട്ടികളുടെ ക്യാമ്പ്**

സ്ഥലം : ആളൂർ ബി.എൽ.എം.

തിയ്യതി : 2012 മാർച്ച് 25 4.00 pm - 26 4.00 pm

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ

## സ്പിരിച്ചാലിറ്റി സെന്റർ

1 **വിധവാസംഗമം :** ഫെബ്രുവരി 6–ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 4 വരെ (ഇരിങ്ങാലക്കുട മേഖലയിലും അതിനടുത്ത ഇടവകകളിലും ഉള്ളവർക്ക്)

2 **ബി. പ്ലസ് കൂട്ടായ്മ :** ഫെബ്രുവരി 7–ാം തിയ്യതി ആദ്യ ചൊവ്വാഴ്ച രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ വൃദ്ധരുടെയും രോഗികളുടെയും കൂട്ടായ്മ, വചനസന്ദേശം, കുമ്പസാരം, കൗൺസലിങ്ങ്, അഭിഷേക ആരാധന എന്നിവ ഉണ്ടായിരിക്കും.

3 **ജെറീക്കോ പ്രാർത്ഥന :** ഫെബ്രുവരി 11–ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5 മണിയുടെ കുർബാനയോടെ ആരംഭിക്കുന്നു. രാത്രി 8.30ന് സമാപിക്കുന്നു.

4 **പ്രേഷിത കൂട്ടായ്മ :** ഫെബ്രുവരി 23–ാം തിയ്യതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2.30–ന്

5 **അഖണ്ഡ ജപമാല :** ഫെബ്രുവരി 26–ാം തിയ്യതി ഞായറാഴ്ച രാവിലെ 10–ന് ആരംഭിച്ച് വൈകീട്ട് 5 മണിയുടെ കുർബാനയോടെ സമാപിക്കുന്നു.

6 ബഹുമാനപ്പെട്ട വൈദികർക്കുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു. ദിവസം മുൻകൂട്ടി അറിയിക്കുന്നതാണ്. ഭക്ഷണവും ഇവിടെ ഒരുക്കുന്നതായിരിക്കും.

**ഫാ. തോമസ് മേനാച്ചേരി**
വൈസ് റെക്ടർ

## നവചൈതന്യ

**ജനുവരി**

| | |
|---|---|
| 5. | ആദ്യഞായർ കൂട്ടായ്മ, ഫോളോ അപ്പ് സെമിനാർ, NARF മീറ്റിംഗ് |
| 8 | പ്രാർത്ഥനാദിനം – സ്റ്റാഫ് മീറ്റിംഗ് |
| 11–18 | ലഹരിമോചന പരിശീലനക്യാമ്പ് |
| 12 | ജാഗരണപ്രാർത്ഥന |
| 13 | എഡിറ്റോറിയൽ & റിസോഴ്സ് ടീം മീറ്റിംഗ് |
| 18 | ലീഡേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിംഗ് |
| 23 | ഔട്ട്റീച്ച് പ്രോഗ്രാം |
| 27–29 | ഫീൽഡ് വിസിറ്റ് |

**ഫാ. ബെന്നി കരുമാലിക്കൽ**
ഡയറക്ടർ

## സി.എൽ.സി.

**1 ഇലക്ഷൻ ക്യാമ്പ്**

2012 പ്രവർത്തനവർഷത്തെ ഭാരവഹികളെ തെരഞ്ഞെടുക്കുന്നതിനായി 2011 ഡിസംബർ 30–ന് ആളൂർ MTC-യിൽ ഇലക്ഷൻ ക്യാമ്പ് നടന്നു. ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ സി.എൽ.സി. ഡയറക്ടർ ഫാ. റിജു പൈനാടത്ത് അധ്യക്ഷത വഹിച്ചു. രാവിലെ ഫാ. ജിജി കുന്നേലിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പിന് ഒരുക്കമായുള്ള ധ്യാനം നടന്നു.

**ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | സൈമൺ പുല്ലോക്കാരൻ, പറപ്പൂക്കര |
| വൈസ് പ്രസിഡന്റുമാർ | : | സിറിൽ ആന്റണി, കുറ്റിക്കാട് |
| | | ക്രിസ്റ്റി തോമസ്, കത്തീഡ്രൽ |
| | | ഷാജു എം.കെ. കാക്കുളിശ്ശേരി |
| സെക്രട്ടറി | : | ഷോബി കെ. പോൾ, കത്തീഡ്രൽ |
| ജോ. സെക്രട്ടറിമാർ | : | സഞ്ജു വർഗ്ഗീസ്, കല്ലേറ്റുംകര |
| | | റിയ ജോസ് കുറ്റിക്കാട് |
| | | മാളു ടോമി, പോട്ട |
| ട്രഷറർ | : | സിജി എം.ജി., വെണ്ണൂർ |
| ഓർഗനൈസർ | : | ലൈജു പൊട്ടത്തുപറമ്പിൽ, പോട്ട |
| മരിയൻ പ്രയാണം | : | സിജോ വെള്ളാനിക്കാരൻ |

**2. പ്രകൃതി പഠനക്യാമ്പ് :** രൂപതാ സി.എൽ.സി യുവനേതൃത്വത്തിൽ വനംവകുപ്പുമായി സഹകരിച്ച് ഫെബ്രുവരി 11 ശനിയാഴ്ച രാവിലെ 9.30 മുതൽ 12 ഞായരാഴ്ച രാവിലെ തിരികെ വരാവുന്ന വിധത്തൽ അതിരപ്പിള്ളി, ചാർപ്പയിൻ ഏകദിന പ്രകൃതിപഠനക്യാമ്പ് സംഘടപ്പിച്ചിരിക്കുന്നു. താല്പര്യമുള്ളവർ 9745603863 എന്ന നമ്പറിൽ ബന്ധപ്പെടുക.

**3. യൂണിറ്റ് സന്ദർശനം :** ഇടവക സി.എൽ.സി. സമൂഹത്തെയും ഫൊറോന സി.എൽ.സി സമൂഹത്തെയും രൂപതയുമായി കോർത്തിണക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി രൂപതാ ഭാരവാഹികൾ ഇടവകകളിലെ സി.എൽ.സി. യോഗങ്ങൾ സന്ദർശിക്കുന്നു. ഇടവകയിൽ സി.എൽ.സി. യുവ മീറ്റിംഗ് നടക്കുന്ന സമയം രൂപതാഭാരവാഹികളെ അറിയിക്കുവാൻ താല്പര്യപ്പെടുന്നു. വിശദവിവരങ്ങൾക്ക് 9745603863, 9388791909, 9495693558 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. റിജു പൈനാടത്ത്**
പ്രമോട്ടർ

# കെ. സി. എസ്. എൽ.

**K.C.S.L.** ന്റെ 96–ാ മത് സംസ്ഥാന കലാസാഹിത്യ മത്സരത്തിൽപങ്കെടുത്ത് വിജയികളായവർ :–

**U.P. Section** - **ചെറുകഥ**
**II$^{nd}$ Rank - Rini Roy**
St. Joseph's Public School, Aloor

**ഫാ. ഔറേലിയൂസ് സ്കോളർഷിപ്പ്**
- **4$^{th}$ Rank - Julia K. Davis**
St. Joseph's E.M.H.S.S., Aloor
- **9$^{th}$ Rank - Steffy Rose**
L.F.C.G.H.S.S., Irinjalakuda

**U.P.** **ഉപന്യാസം** **Silpamol Jaimon**
S.H.C.G.H.S.S., Chalakudy

**H.S.** - **ഉപന്യാസം** **Sneha Johny**
L.F.C.G.H.S.S., Irinjalakuda

**U.P.** - **K.C.S.L. Quiz**
**II$^{nd}$ Rank - Daisy Davis & Chinju Thomas**
S.H.C.G.H.S.S., Chalakudy

**U.P.** - **കയ്യെഴുത്ത് മാസിക**
**II$^{nd}$ - Milan K.B. £ Team**
S.H.C.G.H.S.S. Chalakudy

**H.S.S.** - **III$^{rd}$ - Susmitha Antony & Team**
S.H.C.G.H.S.S. Chalakudy

**H.S.S.** - **വാ. മദർ മറിയംത്രേസ്യാ ക്വിസ്**
**I$^{st}$ - Juliemole& Anna Babu**
St. Joseph's E.M.H.S.S., Aloor

**H.S.S.** - **ശ്രീ. ജോൺ നിധീരി സ്കോളർഷിപ്പ്**
**3$^{rd}$ Rank - Vinnie Xavier**
S.H.C.G.H.S.S., Chalakudy
**9$^{th}$ Rank - Neethu Jose**
S.H.C.G.H.S.S., Chalakudy

**H.S.S.** – **ചെറുകഥ**
**II$^{nd}$ Rank - Angel Augustine**
St. Mary's HSS., Irinjalakuda

| | | | |
|---|---|---|---|
| H.S.S. | – | ബൈബിൾ വാക്യം | |
| | | **II$^{nd}$ Rank -** | **Sneha Jose** |
| | | | St. Antony's H.S.S., Mala |
| H.S.S. | – | പുത്തൻപാന | |
| | | **I$^{st}$ Rank -** | **Aparna James** |
| | | | St. Joseph's E.M.H.S.S., Aloor |
| H.S.S. | – | ലളിതഗാനം | |
| | | **III$^{rd}$ Rank -** | **Aparna James** |
| | | | St. Joseph's E.M.H.S.S., Aloor |
| H.S.S. | – | സിംഗിൾ ഡാൻസ് | |
| | | **III$^{rd}$ Rank -** | **Libin Benny** |
| | | | St. Sebastians's H.S.S., Kuttikkad |
| H.S.S. | – | പരിചമുട്ട് | |
| | | **II$^{nd}$ Rank -** | **Ephraim Devasyachan & Team** |
| | | | St. Antony's H.S.S., Aloor |
| H.S. | – | വാ. മദർ എവുപ്രാസ്യാ ക്വിസ് | |
| | | **I$^{st}$ Rank -** | **Anagha Joy & Asha Francis** |
| | | | St. Joseph's E.M.H.S.S., Aloor |
| H.S. | – | ഫാ. ഒണോരെ സ്കോളർഷിപ്പ് | |
| | | **I$^{st}$ Rank -** | **Sandra E J.** |
| | | | Vimala Central School, Vadachira |
| | | **4$^{th}$ Rank -** | **Amrita Joy** |
| | | | St. Joseph's E.M.H.S.S., Aloor |
| U.P. | – | പരിചമുട്ട് | |
| | | **I$^{st}$ Rank -** | **Jestin Jose & Team** |
| | | | St. Antony's U.P.S., Elinjipra |
| H.S. | – | പരിചമുട്ട് | |
| | | **I$^{st}$ Rank -** | **Ajay Paul &Team** |
| | | | H.C.C.E.M.H.S., Snehagiri |
| U.P. | – | സിംഗിൾ ഡാൻസ് | |
| | | **II$^{nd}$ Rank -** | **Taniya Jose** |
| | | | St. Mary's H.S. Kuzhikattussery |
| U.P. | – | മോണോ ആക്ട് | |
| | | **I$^{st}$ Rank -** | **Delvin Davis** |
| | | | St. Antony's U.P.S., Elinjipra |

**U.P.** – **കഥാപ്രസംഗം**

**II[nd] Rank** - **Aneetta Jilson**
S.H.C.G.H.S., Kottakkal-Mala

**H.S.** – **ലളിതഗാനം**

**I[st] Rank** - **Abay Varghese**
H.C.C.E.M.H.S., Snehagiri

തൃശൂർ സെന്റ് തോമസ് സ്കൂളിൽവെച്ചുനടന്ന സംസ്ഥാന സാഹിത്യമത്സരത്തിലും എറണാകുളം സെന്റ് ആൽബർട്ട്സ് ഹയർ സെക്കന്ററി സ്കൂളിൽ വെച്ചുനടന്ന സംസ്ഥാന കലാമത്സരത്തിലും പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ! വിജയികളായ വിദ്യാർത്ഥികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ! ഇവരെ പഠിപ്പിച്ച, പ്രോത്സാഹിപ്പിച്ച എല്ലാ പ്രധാന അദ്ധ്യാപകർക്കും കെ.സി.എസ്.എൽ.ആനിമേറ്റേഴ്സിനും നന്ദി! അനുമോദനങ്ങൾ!

**ഫാ. ടോം മാളിയേക്കൽ**
ഡയറക്ടർ

## സാൻജോസദൻ

**ഫെബ്രുവരി 2012**

| | |
|---|---|
| 3 | സ്റ്റാഫ് മീറ്റിംഗ് |
| 7 | ക്ലിനിക്കൽ മീറ്റിങ്ങ് |
| 8 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |
| 17 | പ്രാർത്ഥനാദിനം |
| 19 | AA+AL-Anon Meeting |
| 22 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |

ഡിസംബർ മാസത്തിൽ 17 പേർ ലഹരി വിമുക്ത ചികിത്സ സ്വീകരിച്ച് ജീവിതം നയിക്കുന്നു.

**ഇന്നലെകൾ :** ഡിസംബർ മാസം 19–ാം തിയ്യതി 9.30 am മുതൽ 2. pm വരെ AA+AL-Anon Meeting–ൽ AA133 ഉം AL-Anon 65ഉം പേർ പങ്കെടുത്തു. റവ. ഫാ. പോളി കണ്ണൂക്കാടൻ ദിവ്യബലി അർപ്പിച്ച് വചന സന്ദേശം നൽകി. ബഹു. വികാരി ജനറാൾ ജോസ് ഡി ഇരിമ്പൻ ക്രിസ്തുമസ് സന്ദേശം നൽകി. ബഹു. പോളി കണ്ണൂക്കാടൻ അച്ചൻ ക്രിസ്തുമസ് സമ്മാനം കൈമാറി. സ്നേഹവിരുന്നിനുശേഷം എല്ലാവരും വീടുകളിലേക്ക് മടങ്ങി

**ഫാ. പോളി കണ്ണൂക്കാടൻ**
ഡയറക്ടർ

## ഇടയന്റെ നാളുകൾ

**ഫെബ്രുവരി 2012**

| | | |
|---|---|---|
| 1–7 | | CBCI, ബാംഗ്ലൂർ |
| 8 | 10.00 am | പോട്ട ആശ്രമം |
| | 11.00 am | സെന്റ് ജെയിംസ് ഹോസ്പിറ്റൽ, ചാലക്കുടി |
| 9 | | ഇരിങ്ങാലക്കുട |
| 10 | | പ്രാർത്ഥനാദിനം |
| 11 | 10.30 am | കുഴിക്കാട്ടുശ്ശേരി പള്ളി |
| | 5.00 pm | ലാസലൈറ്റ് ഭവൻ, പാറക്കടവ് |
| 12 | | ഇടയസന്ദർശനം – കൊന്നക്കുഴി പള്ളി |
| 13 | | ഇരിങ്ങാലക്കുട |
| 14 | | സന്ദർശകദിനം |
| 15 | 6.30 am | പാക്സ്, കല്ലേറ്റുംകര |
| 16 | 10.00 am | സെന്റ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട |
| | 5.30 pm | കൊറ്റനെല്ലൂർ സ്കൂൾ |
| 17 | | പ്രാർത്ഥനാദിനം |
| 18 | 10.00 am | കുറ്റിക്കാട് |
| | 2.30 pm | സാൻജോസദൻ, ആനന്ദപുരം |
| 19 | | ഇടയസന്ദർശനം – പുത്തൻവേലിക്കര പള്ളി |
| 20 | 6.00 am | കത്തീഡ്രൽ, ഇരിങ്ങാലക്കുട |
| 21 | | സന്ദർശകദിനം |
| 22 | 10.00 am | അമ്പഴക്കാട് ഫൊറോന പള്ളി |
| 23 | 2.30 pm | സെന്റ് മേരീസ് സ്കൂൾ, ചേലൂർ |
| 24 | | പ്രാർത്ഥനാദിനം |
| 25 | 10.00 am | ചാലക്കുടി പള്ളി |
| 26–27 | | ചെന്നൈ |
| 28 | | സന്ദർശകദിനം |
| 29 | | ഇരിങ്ങാലക്കുട |

## ഇടയന്റെ ഇന്നലെകൾ

**ജനുവരി 2012**

| | | |
|---|---|---|
| 1 | 10.00 am | നോർത്ത് പറവൂർ കൈതാരം മേരി ഇമ്മാക്കുലേറ്റ് പള്ളിയിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിന് വി. ബലി അർപ്പിച്ചു; ആദ്യകുർബാന സ്വീകരണം നടത്തി. |
| | 5.00 pm | ഇരിങ്ങാലക്കുട ഡോൺബോസ്കോ മതബോധന യൂണിറ്റിന്റെ വാർഷിക പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| | 6.30 pm | പറപ്പൂക്കര ഫൊറോന പള്ളിയിൽ യുവജന കൺവെൻ ഷൻ ‘റാന്തൽ 2012’ന്റെ സമാപന സന്ദേശം നൽകി. |
| | 7.15 pm | ഓക്‌ലാന്റ് ബിഷപ്പ് റവ. ഡോ. സാൽവതോർ ജോസഫ് കോർഡിലിയോണെയെയും സാറ്റ്ന ബിഷപ്പ് മാർ മാത്യു വാണിയകിഴക്കേലിനെയും രൂപതാഭവനത്തിൽ സ്വീകരിച്ചു |
| 2 | 8.30 am | ഇരിങ്ങാലക്കുടയിൽ ഒരു കട ആശീർവ്വദിച്ചു. |
| | 9.00 am | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ ഡീക്കൻ ഡിന്റോ പ്ലാക്കലിന് തിരുപ്പട്ടം നൽകി. |
| | 2.30 pm | ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റലിൽ ലാംബ് ലൈറ്റിംഗ് & ബിരുദദാന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 3.30 pm | ആളൂർ മഠത്തിൽ റവ. സി. ഗൽഗാനി CSCയുടെ മൃതദേഹ സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. |
| | 4.00 pm | ഇരിങ്ങാലക്കുട CMI പബ്ലിക് സ്ക്കൂളിൽ ദശവത്സരാഘോഷങ്ങളിൽ പങ്കെടുത്തു. |
| | 6.00 pm | അരൂർമുഴി പള്ളിയിൽ നവവൈദികൻ റവ. ഫാ. പോൾ ഉദനിപറമ്പന് അനുമോദനം അർപ്പിക്കാൻ സംഘടിപ്പിച്ച പൊതുയോഗം ഉദ്ഘാടനം ചെയ്തു. |
| 3 | 6.30 am | കല്ലേറ്റുംകര പാക്സിൽ വി. കുർബാന അർപ്പിച്ചു. |
| | 8.30 am | സന്ദർശകരെ സ്വീകരിച്ചു. |
| | 10.00 am | ഇരിങ്ങാലക്കുട സെന്റ് മേരീസ് ഹയർ സെക്കന്ററി സ്ക്കൂളിന്റെ പുതിയ കെട്ടിടം വെഞ്ചരിച്ചു. |
| | 3.00 pm | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| 4 | 10.00 am | എളമക്കര താന്നിക്കൽ പള്ളിയിൽ ഒരു മാമ്മോദീസ പരികർമ്മം ചെയ്തു. |
| | 12. noon | പടിഞ്ഞാറെ ചാലക്കുടി പള്ളിയിൽ ഒരു മാമ്മോദീസ പരികർമ്മം ചെയ്തു. |
| | 1.30 pm | കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യ തീർത്ഥകേന്ദ്രത്തിൽ വി. ബലി അർപ്പിച്ചു. |
| | 3.00 pm | ഇരിങ്ങാലക്കുടയിൽ ഒരു മൃതദേഹസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. |
| | 4.00 pm | സഹൃദയ എൻജി. കോളേജിന്റെ ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |

| | | |
|---|---|---|
| 5 | 1.00 am | ഇരിങ്ങാലക്കുട രൂപതയിലെ വൈദികരുടെ മാസധ്യാനത്തിലും മീറ്റിംഗിലും പങ്കെടുത്തു. |
| | 5.00 pm | പാലാരിവട്ടത്ത് ഒരു വിവാഹം ആശീർവ്വദിച്ചു. |
| 6 | 4.00 pm | വൈന്തല കോൺവെന്റിൽ റവ. സി. മാവുറ CMCയുടെ മൃതദേഹസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു |
| 7 | 9.30 am | തെക്കൻ താണിശ്ശേരി പള്ളിയിൽ വി. കുർബാന അർപ്പിച്ചു; ഒരു പുതിയ വീട് വെഞ്ചരിച്ചു. |
| | 2.00 pm | പൊന്നൂക്കരയിലെ മർത്താ സന്യാസിനി സമൂഹത്തിന്റെ മുൻ മദർ ജനറാൾ റവ. സി. ആഗ്നസ് CSM ന്റെ നിര്യാണത്തിൽ അനുശോചനം അറിയിച്ചു; ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.00 pm | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| 8 | 6.30 am | ആളൂർ സെന്റ് മേരീസ് കുരിശുപള്ളിയിൽ വി. ബലിയർപ്പിച്ചു. |
| | 10.00 am | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ ദനഹാതിരുനാളിന് ആഘോഷമായ വി. ബലി അർപ്പിച്ചു; സന്ദേശം നൽകി. |
| | 3.30 pm | കുഴിക്കാട്ടുശ്ശേരി പള്ളിയിൽ ഇടവക കാര്യാലയത്തിന്റെ ശില ആശീർവ്വാദത്തോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു; അടിസ്ഥാനശില വെഞ്ചരിച്ചു. |
| 9–13 | | കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ സീറോമലബാർ സഭയിലെ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു. |
| 13. | 5.00 pm | തൃശ്ശൂർ അതിരൂപതയുടെ ശതോത്തര രജതജൂബിലി ആഘോഷത്തിൽ അത്യുന്നത കർദ്ദിനാൾ ലെയൊനാർദോ സാന്ദ്രിയോടും അഭിവന്ദ്യ പിതാക്കന്മാരോടുമൊപ്പം പങ്കെടുത്തു. |
| 14 | 9.00 am | കോട്ടയം വടവാതൂർ സെമിനാരിയുടെ സുവർണ്ണജൂബിലി ആഘോഷപരിപാടികളിൽ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം പങ്കെടുത്തു. |
| | 6.00 pm | പോട്ട ചാരിറ്റി പ്രൊവിൻഷ്യൽഹൗസിൽ വി. ബലി അർപ്പിച്ചു; സന്ദേശം നൽകി. |
| 15. | 7.00 am | തുമ്പരശ്ശേരി ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 16 | 8.00 am | ആളൂർ സെന്റ് ജോസഫ് പള്ളിയിൽ റവ. ഫാ. ജോൺ അരിക്കാട്ടിന്റെ 10–ാം മരണവാർഷികത്തിന് വി. ബലി അർപ്പിച്ചു. |
| | 10.00 am | ചാലക്കുടി അവാർഡിൽ ഡയറക്ടർ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. |
| | 2.00 pm | കരാഞ്ചിറ ബിഷപ്പ് ആലപ്പാട്ട് ഹോസ്പിറ്റലിൽ വി. ബലി അർപ്പിച്ചു; നഴ്സിംഗ് വിദ്യാർത്ഥിനികളുടെ ക്യാപ്പിംഗ് ചടങ്ങുകൾക്ക് നേതൃത്വം നൽകി. |

| | | |
|---|---|---|
| | 4.30 pm | ചാലക്കുടി അവാർഡിൽ റവ. ഫാ. ലിജു പറമ്പത്തിന് യാത്രയയപ്പു നൽകാൻ സംഘടിപ്പിച്ച യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി. |
| 17 | 6.30 am | കല്ലേറ്റുംകര പാക്സിൽ വി. ബലി അർപ്പിച്ചു. |
| | 8.30 am | സന്ദർശകരെ സ്വീകരിച്ചു. |
| | 12.30 pm | കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ്ജ് പുന്നക്കോട്ടിലിനെ രൂപതാഭവനത്തിൽ സ്വീകരിച്ചു. |
| | 3.30 pm | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| | 6.45 pm | ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു. |
| 18. | 11.00 am | കല്ലേറ്റുംകരയിൽ ഒരു വിവാഹം ആശീർവ്വദിച്ചു. |
| | 4.30 pm | തെക്കൻ താണിശ്ശേരി സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു. |
| 19 | 6.30 am | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു. |
| | 10.00 am | രൂപതാ ആലോചനസമിതിയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു |
| | 1.30 pm | കല്പറമ്പ് സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു. |
| | 3.30 pm | മാള സൊക്കോർസോ സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു. |
| | 4.30 pm | കോട്ടാറ്റ് സെന്റ് ആന്റണീസ് സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു. |
| | 6.30 pm | രൂപതയിലെ നവവൈദികരുടെ പഠനക്ലാസ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 20 | 6.45 am | ആളൂർ നവചൈതന്യയിൽ വി. ബലി അർപ്പിച്ചു. |
| | 2.00 pm | റീജിയൻസി ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി. |
| | 3.15 pm | നവവൈദികരുടെ പഠനക്ലാസ്സിന്റെ സമാപനസന്ദേശം നൽകി. |
| | 4.00 pm | ജൂനിയർ വൈദികരുമായി കൂടിക്കാഴ്ച നടത്തി. |
| 21 | 9.00 am | പുത്തൻചിറ ഫൊറോന ദേവാലയത്തിൽ ഡീക്കൻ പ്രിൻസ് ചിറയത്ത് MS ന് തിരുപ്പട്ടം നൽകി. |
| | 2.00 pm | കുഴിക്കാട്ടുശ്ശേരി മറിയംത്രേസ്യ ഹോസ്പിറ്റലിൽ നഴ്സിംഗ് വിദ്യാർത്ഥികളുടെ ക്യാപ്പിംഗ് & ബിരുദദാന ചടങ്ങുകൾക്ക് നേതൃത്വം നൽകി. |
| 22 | 7.00 am | പൂവ്വത്തുശ്ശേരി സെന്റ് ജോസഫ് ഇടവകയിൽ കെട്ടിടങ്ങളുടെ ശിലാസ്ഥാപനം നടത്തി. |

| | | |
|---|---|---|
| | 2.30 am | കുതിരത്തടം സെന്റ് ജോൺസ് ഇടവകയുടെ പുതിയ ദേവാലയം കൂദാശ ചെയ്തു; വി. ബലി അർപ്പിച്ചു. |
| 23 | 10.30 pm | വെണ്ണൂർ പള്ളിയിൽ ഒരു വിവാഹം ആശീർവ്വദിച്ചു. |
| | 12 noon | കനകമല പള്ളിയിൽ ഒരു വിവാഹം ആശീർവ്വദിച്ചു. |
| | 2.00 pm | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| 24 | 6.30 am | കല്ലേറ്റുംകര പാക്സിൽ വി. ബലി അർപ്പിച്ചു. |
| | 8.30 am | സഹൃദയയിൽ എൻജിനീയറിംഗ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി. |
| | 9.30 am | സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| 25 | 10.00 am | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| | 1.30 pm | മൂർക്കനാട് സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു. |
| | 4.30 pm | കൊടകര സെന്റ് ഡോൺബോസ്കോ ഹൈസ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു. |
| 26 | 9.45 am | ചങ്ങനാശ്ശേരിയിൽ അതിരൂപതയുടെ ശതോത്തര രജതജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിച്ച മതാധ്യാപക സംഗമം ഉദ്ഘാടനം ചെയ്തു. |
| | 3.00 pm | മൈനർ സെമിനാരിയിൽ ആരാധനയുടെ സമാപന കർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| | 4.00 pm | ഇരിങ്ങാലക്കുടയിൽ ധർമ്മപോഷണ കമ്പനിയുടെ പുതിയ മന്ദിര ഉദ്ഘാടനത്തിന് അനുഗ്രഹപ്രഭാഷണം നടത്തി. |
| | 5.00 pm | കുറ്റിക്കാട് ഇടവകയിൽ കാത്തലിക് മൂവ്മെന്റ് സംഘടിപ്പിച്ച മാർഗ്ഗംകളി മത്സരത്തിന്റെ സമ്മാനദാനം നിർവ്വഹിച്ചു. |
| | 5.30 pm | കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിലെ പൂർവ്വവിദ്യാർത്ഥി സംഘടനയുടെ ഉദ്ഘാടനം നടത്തി. |
| 27 | 5.30 pm | ഇരിങ്ങാലക്കുട ഡോൺബോസ്കോ സ്കൂളിന്റെ സുവർണ്ണ ജൂബിലി ഉദ്ഘാടനം ചെയ്തു. |
| 28 | 10.00 am | ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷനിൽ സിമ്പോസിയം ഉദ്ഘാടനം ചെയ്തു. |
| | 2.00 pm | ചാലക്കുടി SH കോളേജിൽ FCC സിസ്റ്റേഴ്സിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു. |
| 29 | | ചെന്നൈ മിഷനിൽ കോടമ്പാക്കത്തും പൊഴിച്ചെല്ലൂരിലും ഇടവക സന്ദർശനം നടത്തി. |
| 30 | | ചെന്നൈ മിഷനിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി |
| 31 | | CBCI മീറ്റിംഗിന് ബാംഗ്ലൂരിലേയ്ക്ക് യാത്ര പുറപ്പെട്ടു. |